# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേർപ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR-P2-1356/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേർപ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR-P2-1356/2022. തീയ്യതി: 03/07/2022

## തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-10-2020 മുതൽ 17-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 06-09-2021 | 17-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-09-2021 | 17-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബിത.ടി.എസ്, ഓഡിറ്റ് ഓഫീസർ
സീനത്ത്.പി.എ, ഓഡിറ്റ് ഓഫീസർ
സ്റ്റാൻലി.പി.എസ്, അസി.ഓഡിറ്റ് ഓഫീസർ
സുനിത.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ജോയ്സൺ.സി.ജെ, ഓഡിറ്റർ
ബിന്ദു.കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സി.കെ.വിനോദ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണനിർവ്വഹണ കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 11-12-2020 |
| സുജിഷ കള്ളിയത്ത് | പ്രസിഡന്റ് | 12-12-2020 | 31-03-2021 |
| ദിനേഷ് എം.കെ | സെക്രട്ടറി | 01-04-2020 | 11-04-2020 |
| പ്രതീഷ് വി വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-04-2020 | 03-05-2020 |
| ഒഴിവ് | സെക്രട്ടറി | 04-05-2020 | 04-05-2020 |
| ദിനേഷ് എം.കെ | സെക്രട്ടറി | 05-05-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതീഷ് വി വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഭാവന.പി.യു. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| മാലിനി സി ഡി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| റോസ് മോൾ എം.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 16-11-2020 |
| ശ്രീലത കെ ബി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17-11-2020 | 31-03-2021 |
| ഡോ.മനു.എം.ഗോപാൽ. | മെഡിക്കൽഓഫീസർ, സി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ.സുജിത്ത്.കെ. | മെഡിക്കൽഓഫീസർ, ആയുർവേദം | 01-04-2020 | 28-02-2021 |
| ഡോ.ഗംഗാദേവി സി | മെഡിക്കൽഓഫീസർ, ആയുർവേദം | 01-03-2021 | 31-03-2021 |
| നിർമല പി.പി (ഇൻ ചാർജ്ജ്) | എച്ച്.എം | 01-04-2020 | 31-03-2021 |
| അഖിൽഎം.എസ് | വി.ഇ.ഒ., ചേർപ്പ് | 01-04-2020 | 31-03-2021 |
| സിമി എം വി | വി.ഇ.ഒ., എട്ടുമന | 01-04-2020 | 31-03-2021 |
| ഷിദ്രി | വി.ഇ.ഒ., ഊരകം | 01-04-2020 | 31-03-2021 |
| ഡോ.എം.ബീന | വെറ്ററിനറി സർജൻ | 01-04-2020 | 08-09-2020 |
| ഡോ.നീന കെ.ജെ | വെറ്ററിനറി സർജൻ | 09-09-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഷീല ടി.ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 11-05-2020 |
| മീന റസ്സൽ | ഡയറ ഫാം ഇൻസ്ട്രക്ടർ | 12-05-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Bita.T.S (Audit Officer (HG), On 13-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: P.A.Seenath (Audit Officer, On 16-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.A.Seenath (Audit Officer, On 16-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: P.A.Seenath (Audit Officer, On 16-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Seenath (Audit Officer, On 16-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Stanley P S (Asst. Audit Officer, On 21-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: Bita.T.S (Audit Officer (HG), On 13-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Joyson (Auditor, On 22-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Bita.T.S (Audit Officer (HG), On 22-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-9 |
| 10 | മറ്റു ഓഡിറ്റുകൾ നത്തിയതിന്റെ വിവരം<br>Written By: P.A.Seenath (Audit Officer, On 20-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-10 |
| 11 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 15-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-11 |
| 12 | എസ്.ബി.ഐ.ഇ - പേമെന്റ് നീക്കിയിരിപ്പ് - അക്കൗണ്ട് ക്ലോസ് ചെയ്യതിന്റെ രേഖകൾ ലഭ്യമല്ല<br>Written By: P.A.Seenath (Audit Officer, On 29-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-12 |
| 13 | വസ്തു നികുതി - ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല<br>Written By: Joyson (Auditor, On 15-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-13 |
| 14 | വസ്തു നികുതി മുൻകൂർ - വാർഷികകണക്കും സഞ്ചയ സോഫ്റ്റ്വെയറും പൊരുത്തപ്പെടുന്നില്ല<br>Written By: Joyson (Auditor, On 15-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-14 |
| 15 | വസ്തു നികുതി - കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല<br>Written By: Joyson (Auditor, On 15-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-15 |
| 16 | Prior Period Items - എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല | 1-16 |

| | | |
|---|---|---|
| | Written By: Sunitha.R (Senior Grade Auditor, On 15-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | |
| 17 | കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല<br>Written By: Sunitha.R (Senior Grade Auditor, On 15-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-17 |
| 18 | ജേണൽ വൗച്ചർ - സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 15-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-18 |
| 19 | തൊഴിലുറപ്പ്പദ്ധതി - വരവ് ചെലവ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Stanley P S (Asst. Audit Officer, On 17-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-19 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല<br>Written By: Bita.T.S (Audit Officer (HG), On 17-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-20 |
| 21 | റിവോൾവിംഗ് ഫണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 17-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-21 |
| 22 | രജിസ്റ്ററുകളുടെ പരിപാലനം<br>Written By: P.A.Seenath (Audit Officer, On 17-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-22 |
| 23 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Joyson (Auditor, On 30-09-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 03-07-2022) | 1-23 |
| 24 | വസ്തുനികുതി തെറ്റായി നിർണ്ണയിച്ച് ഈടാക്കുന്നു<br>Written By: Joyson (Auditor, On 22-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-24 |
| 25 | കെ.പി.ബി.ആർ ചട്ടലംഘനമുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിച്ചു<br>Written By: Joyson (Auditor, On 22-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-25 |
| 26 | റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയതിൽ അപാകത<br>Written By: Joyson (Auditor, On 22-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-26 |
| 27 | വാടക കുടിശ്ശിക കൃത്യമാക്കി സൂക്ഷിക്കുന്നില്ല<br>Written By: Joyson (Auditor, On 18-04-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-27 |
| 28 | വയോജനങ്ങൾക്ക് കട്ടിൽ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Sunitha.R (Senior Grade Auditor, On 19-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-28 |
| 29 | അംഗൻവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു<br>Written By: Sunitha.R (Senior Grade Auditor, On 24-09-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 03-07-2022) | 1-29 |
| 30 | ടി.എ.അഡ്വാൻസ് നൽകിയത് - നാളിതു വരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 21-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-30 |
| 31 | ഭവനപുനരുദ്ധാരണം - രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 21-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-31 |
| 32 | ഭവനം വാസയോഗ്യമാക്കൽ - കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 28-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-32 |
| 33 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 21-09-2021) | 1-33 |

| | | |
|---|---|---|
| | Last Updated By: Vidya Vikraman (Asst. Audit Officer, On 03-07-2022) | |
| 34 | വാഹന പരിപാലനം, ലോഗ് ബുക്ക് എന്നിവ സംബന്ധിച്ച അപാകതകൾ<br>Written By: P.A.Seenath (Audit Officer, On 24-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-34 |
| 35 | കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് വർക്ക് - വിനിയോഗവിവരം ലഭ്യമല്ല<br>Written By: P.A.Seenath (Audit Officer, On 24-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-35 |
| 36 | വാഴ കൃഷിക്ക് വളം വിതരണം (എസ് സി കർഷകർ) - രേഖകൾ ഹാജരാക്കിയില്ല - 20296/- രൂപ തടസ്സം<br>Written By: Sunitha.R (Senior Grade Auditor, On 21-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-36 |
| 37 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി - രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Sunitha.R (Senior Grade Auditor, On 21-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-37 |
| 38 | ചൊവ്വർ താഴം ആലുക്ക കടവ് പാടശേഖരത്തിന് പെട്ടി, പറ നൽകൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sunitha.R (Senior Grade Auditor, On 25-09-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 03-07-2022) | 1-38 |
| 39 | അഗതി രഹിത കേരളം - വികസന ഫണ്ട് കൈമാറിയത് നാളിതു വരെ ചെലവഴിച്ചിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 28-09-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 03-07-2022) | 1-39 |
| 40 | പട്ടികജാതിക്കാർക്ക് പി.വി.സി. വാട്ടർ ടാങ്ക് - മുഴുവൻ തുകയും പ്ലാൻ ഫണ്ടിൽ നിന്നും കൈമാറി<br>Written By: P.A.Seenath (Audit Officer, On 27-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-40 |
| 41 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ - പട്ടികജാതി വികസന ഓഫീസറിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Sunitha.R (Senior Grade Auditor, On 18-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-41 |
| 42 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ വിഹിതം കൈമാറൽ പ്രൊജക്ടുകൾ - അപാകതകൾ പരിഹരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 1362216 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Bita.T.S (Audit Officer (HG), On 29-09-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 03-07-2022) | 1-42 |
| 43 | തെരുവുവിളക്കുകൾ -അപാകതകൾ ; രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതു വരെ ആകെ ചെലവു തുക 945850/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Bita.T.S (Audit Officer (HG), On 29-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-43 |
| 44 | അംഗൻവാടി പോഷകാഹാരം - ട്രാൻസ്പോർട്ടിങ്ങ് ചാർജ്ജ്-ക്വട്ടേഷൻ, കരാർ ലഭ്യമാക്കിയില്ല<br>Written By: Sunitha.R (Senior Grade Auditor, On 24-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-44 |
| 45 | മാലിന്യശേഖരണത്തിനായി സ്ഥാപിച്ച വാർഡുതല മെറ്റീരിയൽ ഫെസിലിറ്റി സെന്റർ-ലക്ഷ്യം കൈവരിച്ചില്ല; 853488 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Bita.T.S (Audit Officer (HG), On 03-11-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-45 |
| 46 | അംഗൻവാടി കെട്ടിട നിർമ്മാണം W17-ഭൂമിയുടെ തരം ഏതെന്ന് പരിശോധിക്കാതെ തുടങ്ങിയ പ്രവൃത്തി പൂർത്തിയാക്കാനായില്ല; 63837 | 1-46 |

| | | |
|---|---|---|
| | രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Bita.T.S (Audit Officer (HG), On 07-11-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | |
| 47 | പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ പ്രവൃത്തികളിൽ GST അനുവദിച്ചതിലെ അപാകത<br>Written By: Bita.T.S (Audit Officer (HG), On 07-11-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-47 |
| 48 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-ധനവിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവുതുക 1414243/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു<br>Written By: Bita.T.S (Audit Officer (HG), On 29-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 1-48 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.A.Seenath (Audit Officer, On 14-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.A.Seenath (Audit Officer, On 14-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: P.A.Seenath (Audit Officer, On 14-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: P.A.Seenath (Audit Officer, On 14-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.A.Seenath (Audit Officer, On 14-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.A.Seenath (Audit Officer, On 14-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 4-6 |
| 7 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.A.Seenath (Audit Officer, On 14-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: P.A.Seenath (Audit Officer, On 14-09-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2022) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.A.Seenath (Audit Officer, On 06-09-2021)<br>Last Updated By: N Satheesan (Deputy Director, On 03-07-2022) | 4-9 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 23-3-2020 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 19,98,28,500/- | 19,93,27,200/- |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 23-2-2021 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 378046239 | 362179987 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 12-05-2021 |

### 1-3 സാമ്പത്തിക വിശകലനം

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 43133026.84 |
| ഓഡിറ്റ് വർഷത്തെ വരവ് | 97772232.00 |
| ആകെ | 140905258.84 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 110613357 |
| നീക്കിയിരിപ്പ് | 30291901.84 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 21787568 | 21787568 | 19932397 | 1855171 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 14703491 | 14703491 | 11626796 | 3076695 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 20243480 | 20243480 | 8309473 | 11934007 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 6820000 | 6820000 | 4254542 | 2565458 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 0 | 5268000 | 5268000 | 5214718 | 53282 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 207 | 102479880 | 129 | 54084445 | 72 | 6 | 62.32% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 845639 | 1212106 | 2057745 | 2040603 | 17142 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 35147500 | 35147500 | 35147500 | 0 |

## 1-7 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 5537200 | 370 |
| വിധവാ പെൻഷൻ | 25852500 | 1749 |
| വാർദ്ധക്യകാലപെൻഷൻ | 39931100 | 2756 |
| വികലാംഗപെൻഷൻ | 5309300 | 356 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3650300 | 249 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-09-2021 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37160/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. വാർഷികകണക്കുകൾ സംബന്ധിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടവയാണ്. സോഫ്റ്റ്‌വെയറിൽ നേരിടുന്ന പ്രശ്നങ്ങൾ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി വരവുചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ ആധാരമായി വർത്തിക്കുന്ന അനുബന്ധ രജിസ്റ്ററുകൾ/പത്രികകൾ എന്നിവ കാലികമാക്കി കണക്കുകളോട് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതും തുല്യപ്രാധാന്യമർഹിക്കുന്നു. അവശ്യം എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ അപാകതകൾ ഒഴിവാക്കി പരിപാലിക്കേണ്ടതാണ്.

2. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും, സാംഖ്യയുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.

3. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്ത് തല ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിൽ, മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

4. ജി ഒ (എം എസ്) നം. 10/2017/ത.സ്വ.ഭ.വ തീ. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. പദ്ധതി രൂപീകരണ ഘട്ടം കഴിഞ്ഞ് നിർവ്വഹണം ആരംഭിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ തുടർച്ചയായി മോണിറ്ററിംഗിന് വിധേയമാക്കണം. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

5. പഞ്ചായത്തിൽ നിലവിലുള്ള സ്വാശ്രയ കുടിവെള്ള/ജലസേചന പദ്ധതികളുടെ വിവരങ്ങൾ സമാഹരിച്ച് ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6. ഉറവിട മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. പൊതുജന ബോധവൽക്കരണത്തിന് നൂതന മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റു ഓഡിറ്റുകൾ നത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-11-2020 | 01/2020 മുതൽ 03/2020 വരെ | 16-03-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09-11-2020 മുതൽ 18-11-2020 വരെ | 2015-16 മുതൽ 2019-20 വരെ | 29-12-2020 |

## 1-11 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12841125 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3274600 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-12 എസ്.ബി.ഐ.ഇ - പേമെന്റ് നീക്കിയിരിപ്പ് - അക്കൗണ്ട് ക്ലോസ് ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല

എസ്.ബി.ഐ. ഇ-പേമെന്റ് വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് (-)5699 ആണ്. ടി അക്കൗണ്ട് ക്ലോസ് ചെയ്യുകയും, ടി അക്കൗണ്ടിൽ നിന്നും ചെക്ക് നൽകിയത് ക്യാഷ് ചെയ്യാത്തത് മൂലവുമാണ് ഇപ്രകാരം മൈനസ് വന്നതെന്ന് അറിയിക്കുകയുണ്ടായി. എന്നാൽ അക്കൗണ്ട് ക്ലോസ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-13 വസ്തു നികുതി - ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2-1 തൻവർഷം

എ) റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3599180 | 3190047 | 65769 | 350264 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3599180 | 3183147 | 65769 | 350655 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(368188/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ബി) നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5569483 | 5045256 | 108898 | 443611 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5569483 | 5016974 | 108898 | 443840 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (466033 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2-2 കുടിശ്ശിക

എ) റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 126638 | 94676 | 32151 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 119877 | 94487 | 32282 |
| | (2019-20 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 89849+36022= 125871x100/105 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 33897/105x100) |

ബി) നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 858213 | 308800 | 549526 |
| വാർഷിക കണക്കിലെ വിവിധ | 775304 | 308687 | 549599 |
| | (2018-19 ബാലൻസ്ഷീറ്റ് | (റസീറ്റ് & പേയ്മെന്റ് | *(577079 /105X100) |

| | | | | |
|---|---|---|---|---|
| | പത്രികകൾ പ്രകാരം | ഷെഡ്യൂൾ ബി-15 (326792 + 87277) /105 * 100 | പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2-3 ലൈബ്രറിസെസ്സ്

എ) ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 183370 | 6737 | 190107 | 162252 | 4802 | 167054 | - | - | 17924 | 1746 | 19670 |
| | നോൺ-റെസി\ ഡൻഷ്യൽ | 280663 | 43135 | 323798 | 253436 | 15469 | 268905 | - | - | 22422 | 27553 | 49975 |
| | ആകെ | | | 513905 | | | 435959 | | | 69645 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 44759 | | | 436556 | | | | | 69645 | | |
| | | 5994+38765 = (2019-20 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 – State Govt . Cess/levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ്, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 -State Govt. Cess/levies...... ലെഡ്ജർ 2019-20) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2-4) "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2-5) തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 436556 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 435959 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല. മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഡിസിബി സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയാണ്.

2-6) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തു നികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പടെ) 1445197 രൂപയാണ്. ഇതു പ്രകാരം ഇതേ ഷെഡ്യൂളിൽ 431910101 State Govt Cesses/levies In Property Tax " എന്ന ശീർഷകത്തിൽ വരേണ്ട തുക 68819 (1445197x 5/105) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 69645 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

1-14 വസ്തു നികുതി മുൻകൂർ - വാർഷികകണക്കും സഞ്ചയ സോഫ്റ്റ്‌വെയറും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ. നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 327271 | 15014 |
| 2 | 350410103-Advance Collection Of Revenues -Property Tax On Non-Residential Building | 314412 | 0 |

## 1-15 വസ്തു നികുതി - കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ ചേർപ്പ് ഗ്രാമപഞ്ചായത്തിൽ 370 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1 തവണ മാത്രം (13.7.20) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രിക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ” സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 Prior Period Items - എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income-Property Tax On Residential Buildings | (6928) |

| | |
|---|---|
| 280200401- Rior Period- Income Other Income | 23400 |
| 280100104-Prior Period Income-Property Tax On Non Residential Buildings | (83050) |
| 280600499-Prior Period- Remission And Refund- Other Income | 32975 |

## 1-17 കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-18 ജേണൽ വൗച്ചർ - സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-19 തൊഴിലുറപ്പ്പദ്ധതി - വരവ് ചെലവ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

എ) ഭരണചെലവ്

| | ക്യാഷ് ബുക്ക് പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 841639 | 841639 |
| വരവ് | 1619106 | 1212106 |
| ആകെ | 2460745 | 2053745 |
| ചെലവ് | 2443603 | 2036603 |
| നീക്കിയിരുപ്പ് | 17142 | 17142 |

തൊഴിലുറപ്പ് പദ്ധതി പ്രകാരം 100 ദിനം തൊഴിൽ പൂർത്തിയാക്കിയവർക്ക് ലഭിച്ച പ്രത്യേക ബത്ത 1407000 രൂപ 60100399 - State Sponsered Scheme Othersഎന്ന ഹെഡിലാണ് വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാലാണ് RP 31 ൽ മേൽ പ്രകാരം വ്യത്യാസം വന്നിട്ടുള്ളതെന്ന് ഓഡിറ്റ് എൻക്വയറിക്ക് (2) മറുപടിയായി അറിയിച്ചിട്ടുണ്ട്.

ബി) തൊഴിലുറപ്പ് പദ്ധതി ആകെ വരവ് ക്യാഷ് ബുക്ക് പ്രകാരം 35695623 രൂപയും വാർഷിക കണക്ക് പ്രകാരം 35147500 രൂപയുമാണ്.

## 1-20 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | പ്രോജക്ക്റ്റ് | വൌച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | സ്ഥാപനം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 220/21, ഭുവനേശ്വരിറോഡ് കുടിവെള്ള പദ്ധതി | 4 3/24.3.21-90000<br>44/24.3.21-110000<br>45/24.3.21-700000 | 900000 | KWA | 460500...-Advance To Implementing Agencies- Deposit With KWA |
| 2 | 223/21, ഗോപാലൻ മാസ്റ്റർ റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | -30/14.1.21<br>-10000<br>31/14.1.21<br>200000 | 210000 | “ | “ |

## 1-21 റിവോൾവിംഗ് ഫണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി പ്രകാരം റിവോൾവിങ്ങ് ഫണ്ട് തിരിച്ചടക്കുന്നതിന് വേണ്ടിയുള്ള യൂണിയൻ ബാങ്ക് അക്കൗണ്ടിൽ 09.03.21 ൽ 39802/- രൂപ നീക്കിയിരിപ്പുണ്ട്. ടി അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-22 രജിസ്റ്ററുകളുടെ പരിപാലനം

എ) ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

ബി)ഡേ ബുക്ക്, ബാങ്ക് ബുക്ക് ദിനം പ്രതി പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-23 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

1. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി പിരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ചേർപ്പ് കുറീസ് പ്രൈവറ്റ് ലിമിറ്റഡ് | I, II |
| 2 | പനംകുളം എട്ടുമുന സർവ്വീസ് സഹകരണ ബാങ്ക് | II |
| 3 | മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ്, പെരുമ്പിളിശ്ശേരി | II |

മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ. | “ |
| 2 | കേരള ഗ്രാമീൺ ബാങ്ക്, പെരുമ്പിളിശ്ശേരി | II |

| | | |
|---|---|---|
| 3 | തൃശ്ശൂർ സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, ചേർപ്പ് ബ്രാഞ്ച് | II |
| 4 | ചേർപ്പ് ഹാന്റ്ലൂം സൊസൈറ്റി ലിമിറ്റഡ് | I |
| 5 | തൃശ്ശൂർ താലൂക്ക് ഫർണിച്ചർ ഇൻഡസ്ട്രിയലിസ്റ്റ് ഡെവലപ്മെന്റ് സഹകരണ സംഘം | I, II |
| 6 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ്, ചേർപ്പ് | I |
| 7 | ചേർപ്പ് കുറീസ് പ്രൈവറ്റ് ലിമിറ്റഡ് | I, II |
| 8 | യുണൈറ്റഡ് ഓട്ടോ ഫ്യൂവൽസ് | I, II |
| 9 | അംബ പഞ്ചകർമ്മ ചികിത്സാലയം, ഊരകം | |
| 10 | മുരളി ടൈൽസ്, പൂച്ചുന്നിപ്പാടം | II |

സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5. 2020-21 വർഷത്തിൽ കോൺട്രാക്ടർമാരുടെ തൊഴിൽ നികുതി പിരിച്ചതായി കാണുന്നില്ല. അവരുടെ തൊഴിൽ നികുതി നിർണയിച്ച് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 വസ്തുനികുതി തെറ്റായി നിർണ്ണയിച്ച് ഈടാക്കുന്നു

അപേക്ഷ നം. എ2/7384/20 തീ. 28.8.20 പ്രകാരം ശ്രീ. എ.ആർ പ്രമാനന്ദൻ & മറ്റുള്ളവർ, ആലക്കൽ ഹൗസ്, തലക്കൽ എന്നവരുടെ 590.71 ച.മീറ്റർ വിസ്തൃതിയിലുള്ള കെട്ടിടത്തിന് കെട്ടിട നമ്പർ 9/395A മുതൽ I വരെ നമ്പർ നൽകിയിട്ടുണ്ട്. കെട്ടിട നമ്പർ 9/395A കെട്ടിടത്തിൽ എസ്.ബി.ഐ ആണ് പ്രവർത്തിച്ച് വരുന്നത്. ഓഫീസ് ഉപയോഗത്തിനുള്ള കെട്ടിടത്തിന് (9/395A) 50 രൂപ/ച.മീ എന്ന നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. 16.1.2012-ാം തിയ്യതിയിലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം 3(2) പ്രകാരം 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യകെട്ടിടങ്ങൾക്ക് 60 രൂപ/ച.മീ എന്ന നിരക്കിലാണ് വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളത്. കെട്ടിടം (9/395A) ഓഫീസ് ആവശ്യത്തിനുള്ള ഗ്രൂപ്പ് ഇ യിൽ പെർമിറ്റ് എടുത്തിട്ടില്ല. ധനകാര്യ സ്ഥാപനങ്ങൾ ഗ്രൂപ്പ് എഫിൽ പെടുന്ന കെട്ടിടങ്ങളാണ്. ആയതിനാൽ ഗ്രൂപ്പ് എഫിൽ പെർമിറ്റെടുത്ത് പൂർത്തിയാക്കിയ കെട്ടിട നം 9/395A കെട്ടിടത്തിന് വസ്തുനികുതി 60 രൂപ/ച.മീ എന്ന നിരക്കിൽ പുനർ നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 കെ.പി.ബി.ആർ ചട്ടലംഘനമുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിച്ചു

1. പെർമിറ്റ് നം. എ2-3645/13 തീ. 27.6.13 പ്രകാരം ശ്രീ. എ.ആർ പ്രമാനന്ദൻ & മറ്റുള്ളവർ, ആലക്കൽ ഹൗസ്, തലക്കൽ എന്നവർക്ക് 1152.1 ച.മീറ്റർ വിസ്തൃതിയിലുള്ള കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയതായി കാണുന്നു. കെട്ടിടത്തിന്റെ പ്ലോട്ട് എരിയ 520 ച.മീറ്ററും, എഫ്.എ.ആർ 1.68, കവറേജ് 63.68% ആണ്. അതായത് കവറേജ് അനുവദനീയമായതിലും കൂടുതലാണ്. എന്നിട്ടും ഈ പെർമിറ്റ് 26.6.16 മുതൽ 25.6.19 വരെയും, 26.6.19 മുതൽ 26.6.2022 വരെയും നീട്ടി നൽകിയതായി കാണുന്നു. അപേക്ഷ നം. എ2/7384/20 തീ. 28.8.20 പ്രകാരം ശ്രീ. എ.ആർ പ്രമാനന്ദൻ & മറ്റുള്ളവർ, ആലക്കൽ ഹൗസ്, തലക്കൽ എന്നവരുടെ 590.71 ച.മീറ്റർ വിസ്തൃതിയിലുള്ള കെട്ടിടത്തിന് കെട്ടിട നമ്പർ 9/395A മുതൽ I വരെ നമ്പർ നൽകിയിട്ടുണ്ട്. മുകളിൽ പറഞ്ഞിട്ടുള്ള കെ.പി.ബി.ആർ ചട്ടലംഘനമുള്ള പെർമിറ്റ് പുതുക്കി നൽകിയത് ആധാരമാക്കിയാണ് ഈ കെട്ടിടത്തിന് നമ്പർ നൽകിയിട്ടുള്ളത്. പെർമിറ്റിലെ പ്ലാനും, പൂർത്തീകരിച്ച കെട്ടിടത്തിന്റെ പ്ലാനും തമ്മിൽ വളരെയധികം അന്തരം കാണുന്നു. പുതിയ പെർമിറ്റോ, ക്രമവത്ക്കരണ അനുവാദമോ നൽകാതെയാണ് കെട്ടിട നമ്പർ നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 14/14.9.21 നൽകി, മറുപടി തൃപ്തികരമല്ല. ആയതിനാൽ ഈ കെട്ടിടം ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പെർമിറ്റ് നം. എ2/1754/20-21 തീ. 7/8/20, അപേക്ഷ നം. എ2-1754/20 തീ. 17/2/20 എന്നിവ പ്രകാരം ശ്രീ. മുരളി.വി, വെളിയത്ത് ഹൗസ്, പള്ളിപ്പുറം, കോടന്നൂർ എന്നവർക്ക് വിദ്യാഭ്യാസാവശ്യത്തിനായി 304.35 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ സ്ഥല വിസ്തീർണ്ണം 820 ച.മീറ്ററാണ്. കെട്ടിടത്തിന്റെ കവറേജ് 37.11% ആണ്. കെ.പി.ബി.ആർ ചട്ടപ്രകാരം ഗ്രൂപ്പ് ബിയിൽ വരുന്ന കെട്ടിടങ്ങൾക്ക് അനുവദനീയമായ കവറേജ് 35% ആണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 14/14.9.21 നൽകി, മറുപടിയിൽ ട്യൂഷൻ സെന്റർ ആയതിനാൽ പരമാവധി അനുവദനീയമായ കവറേജ് 45 ആണെന്നാണ് അറിയിച്ചത്. ട്യൂഷൻ സെന്റർ ഹയർ സെക്കണ്ടറി വരെയുള്ള വിദ്യാഭ്യാസാവശ്യമായതിനാൽ പരമാവധി അനുവദനീയമായ കവറേജ് 35 ആണ്. ആയതിനാൽ കെ.പി.ബി.ആർ ചട്ടലംഘനമുള്ള പെർമിറ്റ് റദ്ദ് ചെയ്യേണ്ടതാണ്.

## 1-26 റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയതിൽ അപാകത

അപേക്ഷ നം. എ2-9044/28.12.20, എ2-8307/16.11.20 എന്നിവ പ്രകാരം ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ചെവ്വൂർ-പൂത്തറയ്ക്കൽ റോഡിൽ 500 മീറ്റർ നീളത്തിൽ ഫൈബർ ഒപ്റ്റിക്കൽ കേബിൾ സ്ഥാപിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ 25.1.2021 -ാം തിയ്യതിയിലെ കത്ത് നം. 152/AE/LSGD/CHP/20-21 പ്രകാരം റോഡ് റീസ്റ്റോറേഷൻ ചാർജ്ജിനത്തിൽ 6,47,300/- രൂപ ഈടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയത് രശീതി നം. 1210304000003/10.8.21 പ്രകാരം ഈടാക്കിയിട്ടുണ്ട്. ഭരണസമിതിയുടെ 23.2.21-ാം തിയ്യതിയിലെ തീരുമാനം 10(1), സെക്രട്ടറിയുടെ ഉത്തരവ് നം. 8307/20 തീ. 12.8.21 എന്നിവ പ്രകാരം ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ചെവ്വൂർ-പൂത്തറയ്ക്കൽ റോഡിൽ (രോഹിണി ഹോസ്പിറ്റൽ റോഡ്) 500 മീറ്റർ നീളത്തിൽ ഫൈബർ ഒപ്റ്റിക്കൽ കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം (20 Mm Open Graded Chipping Carpet Surface (Manaual Means)) റോഡിന്റെ നീളം 500 മീറ്ററും, വീതി 0.40 മീറ്ററുമാണ് റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിന് എടുത്തിട്ടുള്ളത്. 30.3.2019-ാം തിയ്യതിയിലെ PWD Chief Engineer -ടെ No. CE/R&B I GL-RC I 2 I 20 1 9 -ാം നമ്പർ ഉത്തരവു പ്രകാരം BT റോഡിലെ മിനിമം റീസ്റ്റോറേഷൻ വീതി 1 മീറ്ററായി കണക്കാക്കി റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കട്ടിങ്ങ് റോഡിന്റെ റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിന് വീതി 0.40 മീറ്ററാണ് എടുത്തിട്ടുള്ളത്.

അസിസ്റ്റന്റ് എഞ്ചിനീയർ കാൽക്കുലേഷൻ പ്രകാരം വിസ്തീർണ്ണം = 1*500*0.4 + 6*0.6*1 = 203.60 ച.മീ

റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് = 203.60*3179.04 = 647300/-

PWD Chief Engineer -ടെ ഉത്തരവു പ്രകാരം

വിസ്തീർണ്ണം = 1*500*1 + 6*0.6*1 = 503.60ച.മീ

റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് = 503.60*3179.04 = 16,00,964.54/-

അതായത് 9,53,665/- രൂപയുടെ കുറവ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുപോലെ തന്നെ പ്രസ്തുത റോഡിൽ ഫൈബർ ഒപ്റ്റിക്കൽ കേബിൾ സ്ഥാപിക്കുന്നതിനായി റൈറ്റ് ഓഫ് വേ (ROW) പെർമിഷൻ ഇലക്ട്രോണിക്സ് & ഐറ്റി വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമല്ല. അതുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ ഫയലിൽ കാണുന്നില്ല. ആയതിനാൽ ഇത്തരം അപേക്ഷകളിൽ ഇലക്ട്രോണിക്സ് & ഐറ്റി വകുപ്പിൽ നിന്നും, ഒപ്റ്റിക്കൽ കേബിൾ സ്ഥാപിക്കുന്നതിനായി, റൈറ്റ് ഓഫ് വേ (ROW) പെർമിഷൻ ഉണ്ടോയെന്നുള്ള കാര്യം പരിശോധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.15/14.9.21)

## 1-27 വാടക കുടിശ്ശിക കൃത്യമാക്കി സൂക്ഷിക്കുന്നില്ല

2020-21 സാമ്പത്തിക വർഷത്തിൽ സ്റ്റാൾ നം. 19, 20, 24 എന്നീ സ്റ്റാളുകളിൽ നിന്നും രജിസ്റ്റർ പ്രകാരം വരുമാനമൊന്നും കാണുന്നില്ല. സ്റ്റാൾ നം. 19 കാന്റീൻ നടത്തുന്നതിന് കുടുംബശ്രീയ്ക്ക് കൈമാറിയിട്ടുണ്ട്. സ്റ്റാൾ നം. 20 സുരേഷ് വി.സി, പെരിഞ്ചേരി എന്നയാളും, സ്റ്റാൾ നം. 24 രാജേഷ്, വള്ളോം പറമ്പത്ത് എന്നയാളും 2/6/20-ാം തിയ്യതിയിൽ നടന്ന ലേലത്തിൽ വാടകയ്ക്ക് എറ്റെടുത്തതായി കാണുന്നു. സ്റ്റാൾ നം. 20 ന് സുരേഷ് വി.സി, പെരിഞ്ചേരി എന്നയാൾ 38600/- രൂപയും, സ്റ്റാൾ നം. 24 രാജേഷ്, വള്ളോം പറമ്പത്ത് എന്നയാൾ 35900/- ഡെപ്പോസിറ്റ് ഇനത്തിൽ അടവാക്കിയതായി കാണുന്നു. എന്നാൽ മാസ വാടക ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. കുടിശ്ശികയിനത്തിൽ കിട്ടാനുള്ള വാടക ഉൾപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 36/18.9.21 നൽകി, ഭരണസമിതി തീരുമാനത്തിനു വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ കുടിശ്ശികയിനത്തിൽ കിട്ടാനുള്ള വാടക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 വയോജനങ്ങൾക്ക് കട്ടിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ (SO 103/20-21) എന്ന പദ്ധതി പ്രകാരം Fineline Wood Furnishing എന്ന സ്ഥാപനത്തിൽ നിന്നും 115 കട്ടിൽ വാങ്ങിയിട്ടുണ്ട്. (ബിൽ നം 1/20-21 തീ 18.4.20 തുക 424235). വാങ്ങുന്ന സാധനങ്ങളുടെ വിതരണത്തിന്റെ നിബന്ധനകളും, കരാർ ലംഘനത്തിന്മേലുള്ള നിയമ നടപടികളും ഉൾപ്പെടുന്ന ഒരു എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണെന്ന് സ്റ്റോർ പർച്ചേസ് മാന്വൽ 2013 ൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിച്ചതിൽ കുറവു തുക ക്വാട്ട് ചെയ്ത Fineline Wood Furnishing എന്ന സ്ഥാപനവുമായി അപ്രകാരമുള്ള കരാർ വെച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 25 തീയതി. 16.9.21). നടപടിക്രമങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 അംഗൻവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു

2020-21 വർഷത്തിൽ അംഗൻവാടികൾക്ക് അധിക വാടക (പ്രോജക്ട് നമ്പർ 65/20-21) എന്ന പദ്ധതിപ്രകാരം വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ വാടകയിനത്തിൽ 150000/- രൂപ (ബിൽ നം.17/28.2.21.)

അടവാക്കിയിട്ടുണ്ട്. വിശദാംശംങ്ങൾ താഴെ കൊടുക്കുന്നു.

| | അടവാക്കിയ വാടക |
|---|---|
| 2018-19 | 51841 |
| 2019-20 | 76796 |
| 2020-21 | 21363 |
| ആകെ | 150000 |

മേൽ വിഷയയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25 തീയതി. 16.9.21) പഞ്ചായത്തിൽ ആകെ 35 അംഗൻവാടികളുള്ളതിൽ നിലവിൽ 11 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്.

13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം. 11/2018/തസ്വഭവ/29.1.2018 ലെ ഖ. 7.8.2 അങ്കണവാടികൾ പരിപാലിക്കൽ സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 ടി.എ.അഡ്വാൻസ് നൽകിയത് - നാളിതു വരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല

വയനാട്ടിൽ വെച്ച് നടക്കുന്ന പഞ്ചായത്ത് ദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് വേണ്ടി പ്രസിഡണ്ട്, സെക്രട്ടറി എന്നിവർക്ക് വൗച്ചർ നം. 21900992/17.02.20 പ്രകാരം 2500/- രൂപ വീതം 5000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ടി തുക അഡ്ജസ്റ്റ് ചെയ്തതായി കാണുന്നില്ല. ആയത് അഡ്ജസ്റ്റ് ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 40/18.09.21 നൽകിയതിന് ടി കാലയളവിലെ യാത്രാബത്ത നൽകുന്ന മുറക്ക് തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-31 ഭവനപുനരുദ്ധാരണം - രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല

പ്രോജക്റ്റ് നം. 70/21

ബിൽ നം. തീ. 15/09.03.21 -500000/-<br>
നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ. ചേർപ്പ്

ഭവന പുനരുദ്ധാരണത്തിന് വേണ്ടി 25000/- രൂപ വീതം അഡ്വാൻസ് തുക കൈപ്പറ്റിയ രാജൻ.പി.ജി., പെരുവനത്ത്, പെരുവനം, തങ്കമണി രവീന്ദ്രനാഥൻ, വാകയിൽ, ചൊവ്വൂർ എന്നീ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും നാളിതു വരെ അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 23/13.09.21 പ്രകാരം നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാക്കിയിട്ടില്ല.<br>
മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 1-32 ഭവനം വാസയോഗ്യമാക്കൽ - കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ - വി. ഇ. ഒ, എട്ടുമന

പ്രോജക്റ്റ് നം. 130/21<br>
ചെക്ക് നം. 0327122/07.01.21 –175000<br>
ചെക്ക് നം. 032140/25.03.21 – 50000<br>
ചെക്ക് നം. 2903720/22.07.20 –300000<br>
ചെക്ക് നം. 2903729/08.09.20 –300000

മേൽ പദ്ധതി പ്രകാരം 50000/- രൂപ വീതം ഭവനപുനരുദ്ധാരണത്തിന് വേണ്ടി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ആദ്യഗഡുവായി 25000/- രൂപ അഡ്വാൻസും, പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്ക് രണ്ടാം ഗഡുവായ 25000/- രൂപയുമാണ് പദ്ധതി പ്രകാരം ഗുണഭോക്താവിന് നൽകുന്നത്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് | ഗഡു | തുക |
|---|---|---|---|
| 1 | ലളിത.കെ.കെ.<br>പെരുമ്പിള്ളിശ്ശേരിവീട്<br>ചേർപ്പ് | രണ്ടാംഗഡു | 25000 |

| | | | |
|---|---|---|---|
| 2 | സുഭദ്രനാരായണൻ<br>അങ്ങയിൽ<br>ചേർപ്പ് | ,, | 25000 |
| 3 | സുരേഷ്<br>പെരുമ്പാറചള്ള വീട്<br>ചേർപ്പ് | ,, | 25000 |
| 4 | കെ.വി.രാജൻ<br>കോലോത്തും പറമ്പിൽ<br>ചേർപ്പ് | ,, | 25000<br>25000 |
| 5 | റോസിലി<br>വെളുത്തുകാരൻ<br>ചേർപ്പ് | ,, | 25000<br>25000 |
| 6 | ഫ്രാൻസിസ്<br>മാറോക്കി<br>പൂത്തറക്കൽ | 2 | 25000 |
| 7 | രവികുമാർ.കെ.എസ്.<br>കൊച്ചുവീട്ടിൽ<br>പൂത്തറക്കൽ | ,, | 25000 |
| 8 | കൊച്ചമ്മിണി<br>ചേറ്റൂർ വീട്<br>ചേർപ്പ് | 2 | 25000 |
| 9 | ഉമ്മർ ഫറൂക്ക്<br>യാറത്തിങ്കൽ<br>ചേർപ്പ് | 2 | 25000 |
| 10 | ശാരദ<br>തെക്കേപോഴത്ത്<br>ഊരകം | ,, | 25000 |
| 11 | ലളിത.എം.ബി<br>മുറ്റിച്ചൂർ വീട്<br>കരുവന്നൂർ | 2 | 25000 |
| 12 | ഷൈന<br>ചേനങ്ങത്ത്<br>ചേർപ്പ് | 2 | 25000 |
| 13 | ഗംഗാധരൻ<br>തൊട്ടിപ്പാൾ വീട്<br>ഊരകം | 2 | 25000 |
| 14 | വിജയരാജ്കുമാർ<br>പുതുപറമ്പിൽ വീട്<br>ഊരകം | 2 | 25000 |

മേൽ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.38/18.09.21) കൈപ്പറ്റ് രശീതിന്റെ അഭാവത്തിൽ ചെലവു ചെയ്ത 400000/- രൂപ തടസ്സപ്പെടുത്തുന്നു.

1-33 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

(എ) പ്രോജക്റ്റ് നം. 78/21 ലൈഫ് ഭവന പദ്ധതി (എസ്.സി)

നിർവ്വഹണോദ്യോഗസ്ഥൻ –വി.ഇ.ഒ, ഊരകം

മേൽ പ്രോജക്റ്റ് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന്റെ ആദ്യ ഗഡുവായ 40000/- രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. അഡ്വാൻസ് കൈപ്പറ്റി നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ച് അടുത്ത ഗഡു കൈപ്പറ്റിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം |
|---|---|
| 1 | സന്ധ്യ ഭരതൻ,<br>കാരണയിൽ<br>എട്ടുമുന |
| 2 | കൗസല്യ വേലായുധൻ<br>വെള്ളത്തേടത്ത്<br>ചേർപ്പ് |
| 3 | ഷീജ പ്രഭാകരൻ<br>ചെമ്പൻ ഹൗസ്<br>ഊരകം |
| 4 | തങ്കമണി വേലായുധൻ<br>പറമ്പിൽ ഹൗസ്<br>ചേർപ്പ് |
| 5 | ചന്ദ്രിക ശങ്കരൻ<br>കിഴക്കേമഠം<br>ചേർപ്പ് |
| 6 | ചന്ദ്രിക രാമൻ<br>കരിയാട്ടിൽ<br>പൂത്തറക്കൽ |
| 7 | അമ്മിണി<br>ഐരിൽ വീട്<br>ഊരകം |
| 8 | ഷീല ബാലകൃഷ്ണൻ<br>എരിഞ്ഞേരി ഹൗസ്<br>പടിഞ്ഞാട്ടുമുറി |

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരിക്കുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 30/18.09.21)

ബി) ലൈഫ് ഭവന പദ്ധതി -ജനറൽ -

പ്രോജക്റ്റ് നം -74/21

നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ, ഊരകം

താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ പണി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല.

വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | ജയ ഷാജു<br>മുല്ലയിൽ ഹൗസ്<br>പൂത്തറക്കൽ | 160000/- |

| | | |
|---|---|---|
| 2 | ഷാജു കളംവീട്ടിൽ<br>ഊരകം | 200000/- |
| 3 | ലീല അപ്പുകുട്ടൻ<br>മാളിയേക്കൽ<br>ഊരകം | 40000/- |
| 4 | രതി ഉണ്ണികൃഷ്ണൻ<br>പാലഹൗസ്<br>പടിഞ്ഞാട്ടുമുറി | 40000/- |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി -28/18.09.21)

## 1-34 വാഹന പരിപാലനം, ലോഗ് ബുക്ക് എന്നിവ സംബന്ധിച്ച അപാകതകൾ

ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. ലോഗ് ബുക്കിൽ ഡീസൽ അടിച്ചതിന്റെ വിവരം മാത്രമാണ് രേഖപ്പെടുത്തുന്നത്. മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. 01.02.20 മുതൽ 08.05.20 വരെ ലോഗ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. ടി കാലയളവിലുണ്ടായിരുന്ന ഡ്രൈവർ അസുഖം ബാധിച്ച് 08.05.20 മുതൽ ജോലിക്ക് ഹാജരാകാത്തതിനെ തുടർന്ന് നിലവിൽ പാർട്ട് ടൈം ലൈബ്രേറിയനായി ജോലി ചെയ്യുന്നയാളാണ് ഡ്രൈവർ തസ്തികയിൽ തുടരുന്നത്. ലൈബ്രറിയുടെ പ്രവർത്തനം തടസ്സമില്ലാത്ത വിധമാണ് ജോലി ക്രമീകരിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് എൻക്വയറിക്ക് (39/18.09.21) മറുപടി നൽകിയിട്ടുണ്ട്. ടി തസ്തികയിൽ സ്ഥിരമായി ജീവനക്കാരനെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ലോഗ് ബുക്ക് ആധികാരികമായി എഴുതി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-35 കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് വർക്ക് - വിനിയോഗവിവരം ലഭ്യമല്ല

തനത് ഫണ്ടിൽ നിന്നും ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് വൗച്ചർ നം. 22000760/20.01.2021 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി., ചേർപ്പിന് 72920/- രൂപ നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നൽകിയതിന് (39/18.09.21) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-36 വാഴ കൃഷിക്ക് വളം വിതരണം (എസ് സി കർഷകർ) - രേഖകൾ ഹാജരാക്കിയില്ല - 20296/- രൂപ തടസ്സം

പ്രോജക്റ്റ് നമ്പർ - 30/20-21

1. ബിൽ നം./തുക - 8/18.1.21, 88755/- രൂപ

2. ബിൽ നം./തുക - 14/30.3.21, 30476/- രൂപ

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മേൽ പ്രോജക്റ്റ് പ്രകാരം വളത്തിന് സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ വളം വാങ്ങിയതു സംബന്ധിച്ച രേഖകൾ/ ബില്ലുകൾ ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി(നം. 29 തീയതി. 17.9.21) ബില്ലുകൾ ട്രഷറിയിൽ ഹാജരാക്കിയെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

| ഗുണഭോക്താവ് | സബ്സിഡി തുക | |
|---|---|---|
| | ജൈവവളം | രാസവളം |
| വേലായുധൻ. കെ. കെ | 2820 | 745 |
| സുബ്രമണ്യൻ. പി. ടി | 2250 | 900 |
| ആനന്ദൻ. കെ. കെ | 10600 | 1981 |
| സുനിതജിനു. ടി. വി | - | 1000 |
| | 15670 | 4626 |

വളം വാങ്ങിയതു സംബന്ധിച്ച രേഖകൾ/ ബില്ലുകൾ ഹാജരാക്കും വരെ 20296/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-37 നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി - രേഖകൾ ഹാജരാക്കേണ്ടതാണ്

പ്രോജക്റ്റ് നമ്പർ - 24/20-21

നെൽകൃഷി കർഷകർക്ക് കൃഷി ചെയ്യുന്നതിന് കൂലി ചെലവ് നൽകുന്ന പ്രോജക്റ്റ് പ്രകാരം തൻവർഷം 649380/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂലിയിനത്തിൽ ചെലവഴിച്ച തുകയുടെ വൗച്ചറുകൾ, കൃഷി ചെയ്തത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 649380/- രൂപ തടസ്സപ്പെടുത്തുന്നു.

നെൽകൃഷിക്കായി കർഷകർ സമർപ്പിക്കുന്ന അപേക്ഷ ഫോറത്തിൽ ചിലവിനങ്ങളുടെ വിവരങ്ങൾ കർഷകർ രേഖപ്പെടുത്തുന്നുണ്ടെന്നും ഒരു ഹെക്ടർ നെൽകൃഷി ചെയ്യുന്നതിന് ഏകദേശം 58500/- രൂപ ചെലവു വരുന്നതാണെന്നും ആയത് കൃഷിയിടം പരിശോധിച്ചും വിളവ് പരിശോധിച്ചും ഉറപ്പാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി (നം. 29 തീയതി. 17.9.21) ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചെലവുരേഖകളും കൃഷി ഓഫീസറുടെ സാക്ഷ്യപത്രവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-38 ചൊവ്വൂർ താഴം ആലുക്ക കടവ് പാടശേഖരത്തിന് പെട്ടി, പറ നൽകൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നമ്പർ - 222/20-21

പദ്ധതി പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നും 147500/- രൂപ (ബിൽ 9/24.2.21) ചെലവഴിച്ച് പെട്ടി പറ വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് (ജി.ഒ (പി) 259/2010/തസ്വഭവ തീ. 8.11.2010). പ്രസ്തുത മാർഗ്ഗരേഖ അനുസരിച്ച് സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി വാങ്ങലുകൾക്ക് അംഗീകാരം നൽകേണ്ടത് പ്രൊക്യൂർമെന്റ് കമ്മറ്റിയാണ്. പരാമർശിച്ച വാങ്ങലുകളുടെ പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനം ലഭ്യമാക്കിയില്ല.

2. പഞ്ചായത്തുമായി കരാറിൽ ഏർപ്പെടാതെയാണ് പാടശേഖരസമിതിക്ക് പെട്ടി പറ കൈമാറിയിട്ടുള്ളത്.

3. പെട്ടി പറ കാര്യക്ഷമമായി ഉപയോഗിക്കുമെന്നുള്ള ചൊവ്വൂർ താഴം ആലുക്ക കടവ് പാടശേഖര സമിതിയുടെ സത്യപ്രസ്താവനയുടെ പകർപ്പ് (200 രൂപയുടെ മുദ്രപത്രത്തിൽ) ഓഡിറ്റ് എൻക്വയറിയുടെ മറുപടിയോടൊപ്പം (നം. 29 തീയതി. 17.9.21) ഹാജരാക്കിയിട്ടുണ്ട്. മുദ്രപത്രത്തിൽ പതിപ്പിച്ച ചേർപ്പ് സബ്ട്രഷറിയുടെ സീലിൽ 17.9.2021 തീയതിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ നിന്നും ഓഡിറ്റ് എൻക്വയറിയെ തുടർന്നാണ് സത്യപ്രസ്താവന നൽകിയതെന്ന് വ്യക്തമാണ്. പദ്ധതി നിർവഹണത്തിന്റെ ഓരോ ഘട്ടവും സമയബന്ധിതമായി പൂർത്തിയാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
പെട്ടി, പറ എന്നിവയുടെ ഗുണനിലവാരം ഉറപ്പു വരുത്താത്തതിനാൽ ചെലവഴിച്ച തുക 147500/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-39 അഗതി രഹിത കേരളം - വികസന ഫണ്ട് കൈമാറിയത് നാളിതു വരെ ചെലവഴിച്ചിട്ടില്ല

പ്രോജക്റ്റ് നം. 156/21

വകയിരുത്തിയ തുക

തനത് ഫണ്ട് –100000

ബ്ലോക്ക് വിഹിതം –37500

ആകെ –137500/-

ചെലവഴിച്ച തുക –37500/- വൗച്ചർ നം. തീ. 22000846/24.02.21

മേൽ പ്രോജക്റ്റ് പ്രകാരം തൻ വർഷം തനതു ഫണ്ടിൽ നിന്നും 37500/- രൂപ അഗതി രഹിത കേരളം പദ്ധതിക്ക് വേണ്ടി കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ടി തുക കുടുംബശ്രീ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതു വരെ ടി തുക ചെലവഴിച്ചിട്ടില്ല. ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവക്ക് വേണ്ടി ചെലവഴിക്കേണ്ട തുക അക്കൗണ്ടിൽ അവശേഷിക്കുന്നു. മേൽ പ്രകാരം അവശേഷിക്കുന്ന തുക ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുകയോ, അല്ലാത്ത പക്ഷം തുക തിരിച്ചടക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. (Audit Enquiry-24/16.09.21) മേൽ പ്രോജക്റ്റ് പ്രകാരം ഭവന പുനരുദ്ധാരണത്തിന് ഗുണഭോക്താക്കൾ ഇല്ലാത്തതിനാലാണ് തുക ചെലവാകാതെ അവശേഷിക്കുന്നതെന്ന് മറുപടി ലഭ്യമാക്കി.

## 1-40 പട്ടികജാതിക്കാർക്ക് പി.വി.സി. വാട്ടർ ടാങ്ക് - മുഴുവൻ തുകയും പ്ലാൻ ഫണ്ടിൽ നിന്നും

കൈമാറി

പ്രോജക്റ്റ് നം. 104/21

വകയിരുത്തിയ തുക -

വികസന ഫണ്ട് - 288000

ബ്ലോക്ക് വിഹിതം –133875

തനത് ഫണ്ട് - 1625/-

ആകെ - 423500/-

ചെലവഴിച്ച തുക –140000/-വൗച്ചർ നം. തീ. 22000956/12.04.20

മേൽ പ്രോജക്റ്റ് പ്രകാരം 500 ലിറ്ററിന്റെ ഒരു വാട്ടർ ടാങ്കിന് 2800/- രൂപയായി വിക്ടോറിയ പോളിമേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 40 വാട്ടർടാങ്ക് 2019-20 സാമ്പത്തിക വർഷവും, സ്പിൽ ഓവർ പ്രോജക്റ്റായി 2020-21 സാമ്പത്തിക വർഷം 50 വാട്ടർടാങ്കും ഗുണഭോക്താക്കൾക്ക് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം മേൽ പ്രോജക്റ്റിന് നൽകാവുന്ന പരമാവധി സബ്സിഡി 75% മാത്രമാണ്. ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് ഉപയോഗപ്പെടുത്താതെ മുഴുവൻ തുകയും പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചു. പ്ലാൻ ഫണ്ടിൽ നിന്നും അധികം പിൻവലിച്ച തുക തിരികെ അടവാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 11/13.09.21 ന് മറുപടിയായി ഗുണഭോക്തൃവിഹിതം പ്ലാൻ ഫണ്ടിലേക്ക് തിരിച്ചടക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് തിരിച്ചടച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-41 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ - പട്ടികജാതി വികസന ഓഫീസറിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രോജ്ക്റ്റ് നം. 56/20-21

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്, ജി.ജെ .ബി. എസ്, ചേർപ്പ്

1) ബിൽ നം/തീയതി: 1/20-21/31.3.21 തുക – 199981/- രൂപ

2) ബിൽ നം/തീയതി: 2/20-21/31.3.21 തുക – 14999/- രൂപ

മേൽ പ്രൊജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിലെ 43 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സിഡ്കോയിൽ നിന്നും മേശയും കസേരയും വാങ്ങി നൽകുന്നതിനായി 214980/- രൂപ ചെലവഴിച്ചിട്ടുണ്ട്. ജി.ഒ. (എം.എസ്.) 22/2018 /ത.സ്വ.ഭ.വ./തീ. 14.2.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.7 പ്രകാരം ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ നേരത്തെ ഫർണിച്ചർ ലഭിച്ചിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്.

2020-21 വർഷത്തിൽ ചേർപ്പ് ബ്ളോക്ക് പട്ടികജാതി വികസന ഓഫീസ് വിഭാഗം വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടില്ല എന്ന സാക്ഷ്യപത്രമാണ് ഓഡിറ്റ് എൻക്വയറിയുടെ (നം. 5 തീയതി 10.9.21) മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുള്ളത്. ഇത് അംഗീകരിക്കുന്നില്ല.

ഫർണിച്ചർ കൈപ്പറ്റിയ വിദ്യാർത്ഥികൾ പട്ടികജാതി വികസന വകുപ്പിൽ നിന്നും നേരത്തെ ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന പട്ടികജാതി വികസന ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം ആണ് ഹാജരാക്കേണ്ടിയിരുന്നത്. ആയതിന്റെ അഭാവത്തിൽ 214980/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-42 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ വിഹിതം കൈമാറൽ പ്രൊജക്കുകൾ - അപാകതകൾ പരിഹരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്. ചെലവു തുക 1362216 രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്കുകൾ : റിമാർക്സിൽ പറയുന്ന അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവു തുക 1362216 രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം./ പേര് | അടങ്കൽ /ചെലവു തുക<br>വൗച്ചർ നം/തിയതി | തുക കൈമാറിയ സ്ഥാപനം / ഏജൻസി | റിമാർക്സ് |
|---|---|---|---|---|
| 1. | 3/21<br>SSA വിഹിതം | വി. ഫണ്ട്<br>1000000/1000000 | ജില്ലാ പ്രൊജക്റ്റ് ഓഫീസ് SSA | കൈപ്പറ്റ്/UTR Stmt ഇല്ല. |

| | | | | |
|---|---|---|---|---|
| | | 22000984/25-5-20 | തൃശ്ശൂർ | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. |
| 2. | 5/21 ഐ കെ എം വിഹിതം | വി. ഫണ്ട് 106955/106955 22000983/25-5-20 | ഐ കെ എം തിരുവനന്തപുരം | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. |
| 3. | 227/21 വിവിധ അംഗൻവാടികൾ നിർമ്മാണം ഗ്രാ. പ വിഹിതം കൈമാറൽ | തനതു ഫണ്ട് 910844/255261 | MGNREGA State Mission | 14.2.2017ലെ No.2507 EGSA 2015 REGS ഉത്തരവ് പ്രകാരം നൽകിയ തുകയുടെ കൈപ്പറ്റ്/ UTR ധനവിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. |
| | ആകെ ചെലവുതുക | 1362216 | | |

(ഓഡിറ്റ് എൻക്വയറി നം. 16/14-9-21,19/15-9-21,43/18-9-21) റിമാർക്സ് പ്രകാരമുള്ള രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകി.

## 1-43 തെരുവുവിളക്കുകൾ -അപാകതകൾ ; രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതു വരെ ആകെ ചെലവു തുക 945850/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവുവിളക്കുകളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ റിമാർക്സിൽ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം./ പേര് | അടങ്കൽ/ ചെലവു തുക വൗച്ചർ നം/ തിയതി | തുക കൈമാറിയ സ്ഥാപനം / ഏജൻസി | റിമാർക്സ് |
|---|---|---|---|---|
| 1. | 10/21 തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി | C FC ഗ്രാന്റ് 450000/450000 22001048/5.11.20 / 329010/- 22001101/17.2.21 / 120990/- | ഷോജൻ കെ.വി കൈപ്പള്ളി വീട് ചേർപ്പ് | കൈപ്പറ്റ്/UTR Stmt ഇല്ല. Agmt No. 2-20-26-8-2020 വ്യവസ്ഥ 23 പ്രകാരമുള്ള റിപ്പയർ ചെയ്യാൻ കഴിയാത്ത വിളക്കുകൾ കരാറുകാരൻ തിരിച്ചേൽപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് രേഖപ്പെടുത്തിയ രജിസ്റ്റർ ലഭ്യമാക്കേണ്ടതാണ്. |
| 2. | 148/21 വിവിധ എസ്.സി കോളനികളിൽ LED ലൈറ്റ് സ്ഥാപിക്കൽ | എസ് സി പി 550000/ 495850 22001064/10.11.20 / 221450/- 22001054/15.10.20 / 274400/- | ഉഷ ഇലക്ട്രോണിക് സിസ്റ്റംസ് പാലക്കാട് | കൈപ്പറ്റ്/UTR Stmt ഇല്ല. ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. കരാർsec/15/19-20 Dt. 28.2.2020 വ്യവസ്ഥ 5 പ്രകാരം 2 |

| | | | | |
|---|---|---|---|---|
| | | | | വർഷ വാറന്റി കാലയളവിൽ Repair/replacemrnt നടക്കുന്നത് നിരീക്ഷിക്കാൻ പഞ്ചായത്തിൽ ഏർപ്പെടുത്തിയ സംവിധാനം |
| | | 945850/- | | |

റിമാർക്സിലെ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതു വരെ ആകെ ചെലവു തുക 945850/- രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 16/14-9-21, 19/15-9-21)

## 1-44 അംഗൻവാടി പോഷകാഹാരം - ട്രാൻസ്പോർട്ടിങ്ങ് ചാർജ്ജ്-ക്വട്ടേഷൻ, കരാർ ലഭ്യമാക്കിയില്ല

പ്രോജക്ട് നമ്പർ 61/20-21, 68/20-21 പ്രകാരം നടപ്പാക്കിയ അംഗൻവാടി പോഷകാഹാര പരിപാടി എന്ന പ്രോജക്ടിൽ 2020-21 വർഷത്തിൽ ട്രാൻസ്പോർട്ടിങ്ങ് ചാർജ്ജായി 2020-21 വർഷത്തിൽ കി. ഗ്രാമിന് 2.50 രൂപ നിരക്കിൽ ജിംസൺ എന്നയാൾക്ക് നല്കിയിട്ടുണ്ട്. താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്. നിരക്ക് നിശ്ചയിച്ചതുമായി ബന്ധപ്പെട്ട ടെണ്ടർ/ക്വട്ടേഷൻ, പഞ്ചായത്തുമായി നടത്തിയ കരാർ എന്നിവ ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം. 25 തീയതി. 16.9.21) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

| ബിൽ നം/തിയതി | തുക |
|---|---|
| 17/17.2.21 | 18168 |
| 10/16.1.21 | 16221 |
| 5/16.10.20 | 21412 |
| ആകെ | 55801 |

രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 55801/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-45 മാലിന്യശേഖരണത്തിനായി സ്ഥാപിച്ച വാർഡുതല മെറ്റീരിയൽ ഫെസിലിറ്റി സെന്റർ-ലക്ഷ്യം കൈവരിച്ചില്ല; 853488 രൂപ തടസ്സപ്പെത്തുന്ന

മാലിന്യ സംസ്കരണ നിർമ്മാർജന പ്രവർത്തനങ്ങൾക്കായി 2019-20, 2020-21 വർഷങ്ങളിൽ പഞ്ചായത്തിൽ ആവിഷ്കരിച്ച് പൂർത്തിയായ പ്രൊജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം/പേര്/ നി. ഉദ്യോഗസ്ഥൻ | അടങ്കൽ തുക/ചെലവ് വൗച്ചർ നം./ചെക്ക് നം/ തീയതി |
|---|---|---|
| 1. | 225/20 (So)<br>മാലിന്യസംസ്കരണ സംഘാടനത്തിനുള്ള വയബിലിറ്റി ഗേപ്പ് ഫണ്ട്<br>സെക്രട്ടറി | 1067922/600984 രൂപ<br>Dvpt Fund:298584 രൂപ<br>21901238/10.12.19/ 7290 രൂപ<br>21901357/20.1.20/ 236394 രൂപ<br>21901279/29.2.20/ 45000 രൂപ<br>21901288/29.2.20/ 9900 രൂപ<br>State Spon. Pgm: 302400 രൂപ |

| | | |
|---|---|---|
| | | 293700/chq No:025182/9.3.20 8700/chq No:025487/24.3.20 |
| 2. | 215/21(so) മാലിന്യസംസ്കരണ സംഘാടനത്തിനുള്ള വയബിലിറ്റി ഗേപ്പ് ഫണ്ട് സെക്രട്ടറി | തനത് ഫണ്ട് 700000/370200 രൂപ Chq No:027360/28.8.20 |
| 3. | 189/20(so) വാർഡുതലമെറ്റീരിയൽ ഫെസിലിറ്റി സെന്റർ സാപിക്കൽ അസി. എഞ്ചിനീയർ | 1409976/919976 രൂപ Dvpt Fund: 239976 രൂപ 21901209/28.9.19 State Spon. Pgm: 680000 രൂപ Chq No:251015/11.11.19 /380000 Chq No:251016/11.11.19 /300000 |
| 4. | 127/21(so) വാർഡുതല മെറ്റീരിയൽ ഫെസിലിറ്റി സെന്റർ സാപിക്കൽ അസി. എഞ്ചിനീയർ | 490000/483288 രൂപ State Spon. Pgm: 420000 രൂപ Chq No:2903719/22.07.20 /117600 Chq No:2903727/22.07.20 /302400 തനത് ഫണ്ട്: 63288 രൂപ Chq No:2903727/08.09.20 |
| | ആകെ ചെലവു തുക | 23,74,448 |

ക്രമ നം 3, 4 പ്രകാരം ചെലവഴിച്ച തുകയ്ക്ക് (14,03,264 രൂപ) സ്ഥാപിക്കപ്പെട്ട MCF കളുടെ ശോച്യാവസ്ഥ ഓഡിറ്റ് 18.9.21 ന് നടത്തിയ സ്ഥല പരിശോധനയിൽ വ്യക്തമായി. വാതിൽപ്പടി ശേഖരണത്തിനും മിനി എം.സി.എഫുകൾ സ്ഥാപിക്കുന്നതിനുമായി 24 ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടും ദുർഗന്ധം വമിക്കുന്ന മാലിന്യക്കൂമ്പാരം ഷെഡുകൾക്കുള്ളിൽ സംഭരിച്ചു വെച്ചിരിക്കുന്ന അവസ്ഥയാണ് കണ്ടത്. സന്ദർശിച്ച സെന്ററുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(I) ചെവ്വൂർ പൂത്തറയ്ക്കൽ റോഡിൽ പാടശേഖരത്തിന്റെ വശം W3

(Ii) ഗവൺമെൻറ് ഹോസ്പിറ്റൽ സൈഡ് റോഡ് W8

(Iii) മുത്തുള്ളിയാൽ റോഡ് W18

(Iv) പടിഞ്ഞാറ്റുമുറി റോഡ് W17

(V) ഊരകം സെൻറർ W14

എല്ലാ സ്ഥലങ്ങളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെൻററുകൾ ഉപയോഗശൂന്യമായ നിലയിലാണ് സ്ഥിതിചെയ്യുന്നത്. മാലിന്യ ശേഖരണത്തിന് സ്ഥാപിച്ച ഷെഡ്ഡുകളിൽ പ്ലാസ്റ്റിക് ചാക്കുകളിലും കവറുകളിലും നിറച്ചു കെട്ടിയ മാലിന്യം, അലസമായി വലിച്ചെറിഞ്ഞവയും അകത്തും പുറത്തുമായി കാണപ്പെട്ടു. ഷെഡിലുള്ളതിനേക്കാൾ മാലിന്യം അതിനു ചുറ്റും കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു.

ഫയൽ, സ്ഥലപരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം:42/18.09.21) നൽകിയതിനെത്തുടർന്ന് അസി. സെക്രട്ടറി തയ്യാറാക്കി നൽകിയ റിപ്പോർട്ട്, അസി. എഞ്ചിനീയറുടെ മറുപടി എന്നിവ പരിഗണിച്ച് കണ്ടെത്തിയ അപാകതകൾ/വസ്തുതകൾ ചുവടെ ചേർക്കുന്നു.

1) 2018-19 വർഷം മുതലുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(കൈ)നം.11/2018/തസ്വഭവ /29.01.18, ഖ.7 നിർദ്ദേശമനുസരിച്ച് ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഓരോ പ്രദേശത്തെയും മാലിന്യമുക്തമാക്കുന്നതിനായി ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുന: ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം. ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 15.7.2017 ൽ സ.ഉ (സാധാ) നം. 2420/2017/ തസ്വഭവ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റേയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യ മുക്തമാകുന്നതിന് പൊതു സമീപനം മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എളുപ്പം ചീഞ്ഞളിയാനിടയുള്ള ജൈവ മാലിന്യം അതിന്റെ ഉറവിടത്തോട് ഏറ്റവുമടുത്ത് അതാതു ദിവസം തന്നെ സംസ്കരിക്കുകയും, പുന: ചംക്രമണത്തിലൂടെ സംസ്കരിക്കപ്പെടേണ്ട പ്ലാസ്റ്റിക്കും ചില്ലും ലോഹവുമടക്കമുള്ള മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിലേക്ക് അയയ്ക്കുകയും ചെയ്യുക എന്നതായിരിക്കണം പൊതുസമീപനമെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ഉത്തരവിലെ ഭാഗം 3 ൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ചുമതലകൾ എടുത്തുപറയുന്നുണ്ട്.

ഹരിതകർമ്മ സേന രൂപീകരിക്കുന്നതോടൊപ്പം തന്നെ ഹരിത കേരള മിഷൻ തെരഞ്ഞെടുത്തു നൽകുന്ന ഹരിത സഹായ സ്ഥാപനത്തെ നിയമിച്ച് അവരുമായി ധാരണാപത്രം ഒപ്പുവെക്കേണ്ടതുണ്ട്. അവരുടെ സഹായത്തോടെ ആവശ്യകതാ നിർണ്ണയ പ്രൊജക്ട് റിപ്പോർട്ട് സർവ്വേ കർമ്മസേന മുഖേന നടത്തേണ്ടതുമുണ്ട്. സർവ്വേയുടെ അടിസ്ഥാനത്തിൽ കാര്യക്ഷമമായ മാലിന്യ സംസ്കരണ സംവിധാനം ഓരോ പ്രദേശത്തിനും യോജിച്ച രീതിയിൽ തയ്യാറാക്കി ചർച്ച ചെയ്ത് മാലിന്യ സംസ്കരണ വിശദാംശ രേഖ അഥവാ ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടത് പഞ്ചായത്തിന്റെ പ്രാരംഭചുമതലയാണ്. പഞ്ചായത്തിലെ മാലിന്യനിർമ്മാർജ്ജനം എപ്രകാരം നടപ്പിലാക്കണം എന്നതു സംബന്ധിച്ച് ഡിറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയതായി രേഖ ലഭ്യമായിട്ടില്ല.

2) 26.11.2018 ലെ ഭരണ സമിതി തീരുമാനം നം. 3 (1) പ്രകാരം ഹരിത കർമ്മസേന വഴി വാതിൽപ്പടി ശേഖരണം ആരംഭിച്ചുവെങ്കിലും പല കാരണങ്ങളാൽ തൃപ്തികരമായി നിർവ്വഹിക്കാൻ കഴിഞ്ഞില്ലെന്ന് അസി. സെക്രട്ടറി മറുപടി തന്നിട്ടുണ്ട്. 31.5.2019 ലെ 4 (1,6) തീരുമാനം പ്രകാരം 38 അംഗ ഹരിത കർമ്മസേനയെ അംഗീകരിച്ച് യൂസർ ഫീ, 30/50 രൂപ നിരക്കിൽ വാതിൽപ്പടി സേവനം പുനരാരംഭിച്ചതായും പറയുന്നു. യൂസർ ഫീയെ ആധാരമാക്കി ആയതിൽ നിന്നു ചെലവുകൾ നിർവ്വഹിക്കുന്ന സ്വയം പര്യാപ്ത സംവിധാനമായി മാറ്റുന്നതിനു വേണ്ടിയാണ് VGF അനുവദിക്കുന്നത്.

ഹരിത കർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരം തിരിക്കുന്നതിന് മികച്ച സൗകര്യത്തോടു കൂടിയ MCF ഇല്ലാത്തത് ഹരിതകർമ്മസേനയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്ന് അസി.സെക്രട്ടറി നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ സംഭരിക്കുന്നതിന് നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി എം.സി.എഫ് ഉണ്ടാക്കുന്ന കാര്യത്തിൽ പ്രായോഗിക സമീപനം സ്വീകരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞില്ല.

3) 5.7.2017 സ.ഉ (സാധാ) നം. 2420/2017 തസ്വഭവ ഉത്തരവിലെ ഭാഗം 3 ൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ചുമതലകൾ എടുത്തുപറയുന്നുണ്ട്. ചുമതല നം. 13 പ്രകാരം അജൈവ മാലിന്യസംഭരണ കേന്ദ്രങ്ങൾ (Material Collection Facility-MCF)1 പഞ്ചായത്ത് പദ്ധതിച്ചെലവിൽ ഉൾപ്പെടുത്തി സ്ഥാപിക്കേണ്ടതാണ്. 12.2.2019 ലെ സ. ഉ (സാധാ)നം. 306/2019 തസ്വഭവ പ്രകാരം മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയുടെ മാതൃകാ എസ്റ്റിമേറ്റും പ്ലാനും അംഗീകരിച്ച് ഉത്തരവായിരുന്നു. (510Sq.ft/47.43Sq.m-Estimate Cost: 7,75,000 രൂപ). എന്നാൽ ടി ഉത്തരവിൽ പ്രാദേശിക പ്രത്യേകതകളും ആവശ്യങ്ങളും കണക്കിലെടുത്ത് എസ്റ്റിമേറ്റിലും പ്ലാനിലും ആവശ്യമായ ഭേദഗതികൾ വരുത്താവുന്നതാണ് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ വാർഡു തലത്തിൽ തയ്യാറാക്കിയ MCF ഷെഡ് മാതൃക ഏത് സർക്കാർ ഉത്തരവിനെ/നിർദ്ദേശത്തെ ആധാരമാക്കിയുള്ളതാണെന്ന് അസി. എഞ്ചിനീയർ വ്യക്തത വരുത്തിയിട്ടില്ല. പ്ലാസ്റ്റിക് മാലിന്യങ്ങൾ വാർഡ് തലത്തിൽ ശേഖരിച്ച് നിർമാർജന കേന്ദ്രങ്ങളിലേക്ക് എത്തിച്ചു കൊടുക്കുന്നതിനു വേണ്ടി 2017-18 ൽ ആവിഷ്കരിച്ച് ഉടർന്നു വന്ന ബഹുവർഷ പ്രൊജക്ടാണ് "വാർഡു തല മെറ്റീരിയൽ ഫെസിലിറ്റി സെന്റർ സ്ഥാപിക്കൽ "2.4m X 1.8 M അളവിൽ താൽക്കാലികമായി ഒരു ഷെഡ് നിർമ്മിക്കാൻ ആണ് പ്രൊജക്ട് ലക്ഷ്യമിട്ടത്.

| | |
|---|---|
| ടെണ്ടർ നോട്ടീസ് | നം. 5/ 2018 - 19 \| A/ LSGD /CHP Dt. 24.11.2018 |
| കോൺട്രാക്ടർ | കുറവുതുക LI 141097 5.34 ക്വാട്ട് ചെയ്ത ജെൻസൺ എ ജെ, കല്ലൂർ |
| തീരുമാനം | 12.12.2018 തിയതിയിലെ അടിയന്തിര മീറ്റിംഗിലെ 2(i)നമ്പർ |

| | |
|---|---|
| എഗ്രിമെൻറ് | 51 \| AE \| LSGD 1 CHP 2018 - 19 തിയതി 17.1.19 |
| എസ്റ്റിമേറ്റ് റിവിഷൻ | 29.4. 2019 ലെ 8(4) തീരുമാനം റിവൈസ്ഡ് എഗ്രിമെന്റ് ഷെഡ്യൂൾ തുക 140819918 |

മെറ്റീരിയൽ ഫെസിലിറ്റി സെന്ററിലേക്കു വരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കാൻ 21 വാർഡിലും ഓരോന്ന് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുവെന്നാണ് മേൽ പ്രൊജക്ടിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും പ്രവർത്തനങ്ങളുമായി രേഖപ്പെടുത്തിയിരിക്കുന്നത്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം വെവ്വേറെ തരംതിരിച്ച് സൂക്ഷിക്കുന്നതിനു പര്യാപ്തമായ വിധത്തിലല്ല പഞ്ചായത്തിൽ നിർമ്മിച്ച എം.സി.എഫുകൾ കാണപ്പെട്ടത്.

അസി. സെക്രട്ടറിയുടെ റിപ്പോർട്ടിൽ മിനി എം.സി.എഫ് എന്നാണ് ടി ഷെഡുകളെ പരാമർശിക്കുന്നത്. 12.8.2020 ലെ പരിഷ്കരിച്ച ഹരിത കർമ്മ സേന പ്രവർത്തന മാർഗ്ഗരേഖയിൽ സ.ഉ (സാധാ) നം 1496/ 20 തസ്വഭവ ഖ. 6 ൽ അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാത്ത MCF) തദ്ദേശ സ്വയം ഭരണസ്ഥാപന തലത്തിലും (1000 Sq.ft ൽ കുറയാത്ത MCF) നിർമ്മിച്ച് അല്ലെങ്കിൽ വാടകയ്ക്ക് ഏർപ്പെടുത്തിയിരിക്കണമെന്ന് നിർദ്ദേശമുണ്ട്. പഞ്ചായത്തിൽ സ്ഥാപിതമായ ഷീറ്റ് മേഞ്ഞ ഇരുമ്പു കൂടുകൾ കഷ്ടി 46 Sq.ft മാത്രമാണുള്ളത്. പഞ്ചായത്തിൽ വാർഡു തലത്തിൽ തയ്യാറാക്കിയ MCF ഷെഡ് മാതൃക ഏത് സർക്കാർ ഉത്തരവിനെ/നിർദ്ദേശത്തെ ആധാരമാക്കിയുള്ളതാണെന്ന് വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും കൃത്യമായ സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല. 21 വാർഡിലും സ്ഥാപിച്ച ചെറു ഷെഡുകൾക്കായി നടത്തിയ ചെലവ് നിഷ്ഫലമായതായി ഓഡിറ്റ് വിലയിരുത്തുന്നു.

4) ഹരിത കർമ്മസേനയുടെ രൂപീകരണത്തോടൊപ്പം തന്നെ പ്രാധാന്യമേറിയ രണ്ട് നിർദ്ദേശങ്ങൾ കൂടി 15.7.2017 ലെ സ.ഉ (സാധാ) നം. 2420/2017/ തസ്വഭവ ഉത്തരവിൽ ഉൾപ്പെട്ടിരുന്നു. ഹരിതസഹായ സ്ഥാപനം, ക്ലീൻ കേരളാ കമ്പനി എന്നിവ ഹരിത കേരളം മിഷൻ അംഗീകരിച്ച ഹരിതസഹായ സ്ഥാപനത്തിന്റെ ഉപദേശം പ്രൊജക്ടിൽ തേടിയിരുന്നോ, തരം തിരിച്ച് ശേഖരിച്ച പാഴ് വസ്തുക്കൾ വിപണനം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിയുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്നീ ചോദ്യങ്ങൾക്ക് അസി സെക്രട്ടറി മറുപടി ലഭ്യമാക്കിയത് പരിശോധിച്ചു. ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ കൈമാറുന്നതിന് ക്ലീൻ കേരള കമ്പനിയുമായി 4.5. 2021 ന് കരാറിലേർപ്പെട്ടതായി മറുപടി നൽകി. സ്വന്തമായി RRF സംവിധാനമില്ലാത്തതിനാൽ 16 ടൺ അജൈവ മാലിന്യം ചേർപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ RRF ലേക്ക് പലതവണയായി കൈമാറിയിട്ടുള്ളതായി അസി. സെക്രട്ടറി അറിയിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെ RRF ൽ പ്ലാസ്റ്റിക് കവറുകൾ പൊടിക്കുന്ന യന്ത്രം മാത്രമാണ് ഉള്ളതെന്നും ഇക്കാരണത്താൽ തരം തിരിക്കാത്ത അജൈവ മാലിന്യം ക്ലീൻ കേരളയ്ക്ക് കൈമാറുന്നു. 4.1.2021 ൽ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപ നിയമാവലി അംഗീകരിച്ചിട്ടുണ്ട്. മേൽ പറഞ്ഞ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി പഞ്ചായത്തിലെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

5) മുൻ വർഷങ്ങളിൽ അനുവദിച്ച വ്യക്തിഗത മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഗുണഭോക്താക്കൾ കാര്യക്ഷമമായി ഉപയോഗിക്കാത്തതും മാലിന്യം വലിച്ചെറിയുന്നതിനോട് ആളുകൾക്ക് വൈമുഖ്യമില്ലാത്തതും പഞ്ചായത്തിന് കടുത്ത വെല്ലുവിളി ഉണ്ടാക്കുന്നതായി അസി. സെക്രട്ടറി അറിയിച്ചു. ഭരണ സമിതിയുടെയും പൊതുജനങ്ങളുടെയും ബോധപൂർവ്വമായ സഹകരണം ഉണ്ടെങ്കിൽ മാത്രമേ സ്ഥാപിക്കപ്പെട്ട മിനി എം.സി.എഫുകളുടെ പുറത്തും മാലിന്യ നിക്ഷേപം നടത്തുന്ന അവസ്ഥ ഒഴിവാക്കാൻ കഴിയൂ എന്നും അസി. സെക്രട്ടറി രേഖപ്പെടുത്തുന്നു. തുടക്കം മുതലേ തന്നെ നൂതന മാർഗ്ഗങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കാൻ പഞ്ചായത്തിന് സാധിച്ചില്ല. ആവശ്യമായ സ്ഥല സൗകര്യം, അടിസ്ഥാന സൗകര്യം എന്നിവയൊന്നുമില്ലാതെ 21 വാർഡിലും സ്ഥാപിക്കപ്പെട്ട എം.സി.എഫുകൾ ഒരു മാലിന്യ നിക്ഷേപ സ്ഥലമായി സാധാരണ ജനങ്ങൾക്ക് തോന്നിയതിൽ അത്ഭുതമില്ല. കാര്യക്ഷമമായ സർവ്വേ നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ തയ്യാറാക്കി കുറ്റമറ്റ രീതിയിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തുന്നതിൽ പഞ്ചായത്ത് പരാജയപ്പെട്ടിരിക്കുന്നു. 12.8.2020ലെ 1496/2020 തസ്വഭവ പ്രകാരമുള്ള പ്രവർത്തനമാർഗ്ഗരേഖയിലെ നിർദ്ദേശമനുസരിച്ച് ഏപ്രിൽ 2021 ൽ 28 പേരുടെ ഹരിത കർമ്മസേന കൺസോർഷ്യമായി രൂപീകരിക്കുകയും കൺസോർഷ്യത്തിന് പുതിയ അക്കൗണ്ട് ആരംഭിക്കുകയും ചെയ്തു. പഞ്ചായത്ത് മാർക്കറ്റിലെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത്‌തല എം.സി.എഫ് സംവിധാനം സ്ഥാപിക്കുന്നതിന് 2021-22 വർഷത്തിൽ പദ്ധതി രൂപീകരിച്ചിട്ടുള്ളതായി അസി. സെക്രട്ടറി മറുപടി നൽകി. MCF കളിലെ മാലിന്യം നീക്കം ചെയ്യാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വികസന സ്റ്റാൻഡിംഗ് കമ്മറ്റിയോ ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതികളോ ഫലപ്രദമായ പരിഹാര നിർദ്ദേശങ്ങൾ ചർച്ച ചെയ്തതായി രേഖപ്പെടുത്തലുകൾ ഇല്ല/രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

മിനി എം.സി.എഫുകളിൽ കൂടിക്കിടക്കുന്ന മാലിന്യം അടിയന്തിരമായി നീക്കുന്നതിനു സ്വീകരിക്കുന്ന തുടർ നടപടി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മേൽ വിവരിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ മാലിന്യ പ്രശ്നത്തിന് ശാശ്വതമായ പരിഹാര സംവിധാനം ഉണ്ടാകുന്നതുവരെ മാലിന്യനിർമ്മാർജ്ജന പ്രൊജക്ടുകളിൽ തൻവർഷം[2020-21] ചെലവായ തുക [പട്ടിക ക്രമ നം. 2 + 4] 853488 രൂപ തടസ്സപ്പെടുത്തുന്നു.

## 1-46 അംഗൻവാടി കെട്ടിട നിർമ്മാണം W17-ഭൂമിയുടെ തരം ഏതെന്ന് പരിശോധിക്കാതെ തുടങ്ങിയ പ്രവൃത്തി പൂർത്തിയാക്കാനായില്ല; 63837 രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്റ്റ് നം. 126/ 21
നിർവ്വഹണ ഉദ്യോഗസ്ഥ : അസി. എഞ്ചിനീയർ
അംഗൻവാടി കെട്ടിട നിർമ്മാണം W17
T S NO. 67784/ 2018 - 19 10.7. 18
As No.30 (1) 9.4.18
10,00,000
തനതു ഫണ്ട്
പൂർത്തീകരണ കാലാവധി 6 Months
Agmt: 55 AE LSGD CHP 2018-19 15.12.19
എം. ബുക്ക് നം. 396

19.2.20 നാണ് പ്രവൃത്തി ആരംഭിച്ചത്. 23.3.2020 ന് ചെക്ക് മെഷർ ചെയ്ത ഇനങ്ങൾക്ക് ഫസ്റ്റ് പാർട്ട് ബിൽ നൽകിക്കാണുന്നു.

19.2.20 നു ശേഷം നാളിതുവരെ പ്രവൃത്തി നടന്നതായി രേഖപ്പെടുത്തലില്ല. 1000000 രൂപ അടങ്കലിന് 63837 രൂപയുടെ പ്രവൃത്തിയാണ് നടന്നത്.

18.9.2021 ന് നടന്ന സ്ഥലപരിശോധനയിൽ ഒരു വശത്ത് കോമ്പൗണ്ട് വാളിന് ബേസ്മെന്റ് കെട്ടിയതല്ലാതെ പുല്ലും കളകളും നിറഞ്ഞ വയൽ നികത്തു ഭൂമിയായാണ് കാണപ്പെട്ടത്. കോൺട്രാക്ടറുടെ നിസ്സഹകരണം മൂലമാണോ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള അനവധാനതയാണോ നിർമ്മാണം ഇത്തരത്തിൽ നിന്നു പോകാൻ കാരണമെന്ന് ബോധ്യപ്പെടുന്ന തരത്തിൽ ഫയലിൽ രേഖകൾ ഉൾചേർത്തു സൂക്ഷിച്ചിട്ടില്ല. കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ. 2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷ ഫയലിൽ ഇല്ല. പ്രവൃത്തിക്ക് കാലതാമസം സംഭവിച്ചതിൽ, പ്രവൃത്തിയുടെ ഒരു ഘട്ടത്തിലും അസി. എഞ്ചിനീയർ തുടർ നടപടികൾ എടുത്തതായി ഫയലിൽ രേഖയില്ല. അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം 33/18.9.21) ക്ക് ലഭ്യമാക്കിയ മറുപടി പരിശോധിച്ചു.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കോമ്പൗണ്ട് വാൾ നു വേണ്ടി ഫൗണ്ടേഷൻ, ബേസ്മെന്റ്, പ്ലിന്ത് ബീം എന്നിവ നിർമ്മിച്ച് പാർട്ട് ബിൽ നൽകിയതായി എ.ഇ അറിയിച്ചു. കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് ആവശ്യത്തിലേക്ക് സ്ഥലത്തിന്റെ രേഖകൾ ആവശ്യപ്പെട്ടപ്പോഴാണ് ആ സ്ഥലം പുരയിടമല്ല എന്ന് വ്യക്തമായത്. ചേർപ്പ് വില്ലേജിൽ സർവ്വേ നമ്പർ 223 - 2 ൽ ഉൾപ്പെടുന്ന 3 സെന്റ് നിലം പഞ്ചായത്തിന്റെ അംഗൻവാടി നിർമ്മാണത്തിനായി രൂപാന്തര പ്പെടുത്തുന്നതിന് പ്രാദേശിക നിരീക്ഷണ സമിതിയുടെ ശുപാർശ സഹിതം 15.720 ലെ CK B 1 20-21 കത്തു മുഖേന കൃഷി വകുപ്പ് സെക്രട്ടറിക്ക് കത്തു നൽകിയതിന്റെ പകർപ്പ് മറുപടിക്കൊപ്പം ലഭ്യമാക്കി. വേണ്ടത്ര മുന്നൊരുക്കമോ ആസൂത്രണമോ ഇല്ലാതെ പദ്ധതി നിർവ്വഹണം ആരംഭിച്ചതിനാലാണ് അംഗൻവാടി നിർമ്മിക്കാൻ കഴിയാതിരുന്നത്. പ്രസ്തുത ഭൂമിയുടെ ഇരുപാർശ്വങ്ങളിലും വീടുകൾ ഉള്ളതിനാൽ തന്നെ ഭൂമിയുടെ തരം മാറ്റം നടത്തുന്നതിൽ തടസ്സമില്ല എന്നു കാണുന്നു. ഭൂമിയുടെ തരം മാറ്റൽ നടത്തി അംഗൻവാടി കെട്ടിടം നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. തനതു ഫണ്ടിൽ നിന്നും ചെലവാക്കിയ തുക നിഷ്ക്രിയ ആസ്തിയായി മാറാതിരിക്കാൻ പഞ്ചായത്ത് ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധ പുലർത്തേണ്ടതാണ്. തുടർ നടപടി വിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക 63837 രൂപ തടസ്സപ്പെടുത്തുന്നു.

## 1-47 പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ പ്രവൃത്തികളിൽ GST അനുവദിച്ചതിലെ അപാകത

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയതി 27/6/17 പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക്

ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. (“*(Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods) Provided To The Central Government, State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243 G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243 W Of The Constitution”).* ഭരണഘടന വകുപ്പ് 243 G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation, Water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു.

അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റിൽ പഞ്ചായത്ത് ജി.എസ്.ടി നൽകിയിട്ടുണ്ട്.

പ്രൊജക്ട് നം. 177/ 21

കരുവന്നൂർ ചെറിയ പാലം തോട്ട ക്ലീനിങ്ങ് ഡീപ്പെനിങ്ങ്

Agmt No. 1/AE/LSGD/CHP/2020-21 Dt.17.04.2021

കോൺട്രാക്ടർ : അജയകുമാർ കെ

അടങ്കൽ തുക : 100000

ചെലവ് : 869322

വാച്ചർ നം./ചെക്ക് നം/തീയതി

എം.ബി നം : 15/20

ആകെ പ്രവൃത്തിമൂല്യം : 776180

GST 12% : 93142

മേൽ പ്രവൃത്തി പ്രകാരം തോട്ടിൽ നിന്നും കുളവാഴ, ചണ്ടി, മറ്റു കളകൾ, ചെളിമണ്ണ്, മറ്റു വസ്തുക്കൾ എന്നിവ നീക്കി ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തിക്ക് ജി.എസ്.ടി നൽകിക്കാണുന്നു.

നോട്ടിഫിക്കേഷൻ നമ്പർ 12/17 പ്രകാരം ഭരണഘടനയുടെ ആർട്ടിക്കിൾ 243 G പ്രകാരം ഒരു പഞ്ചായത്തിന് കൈമാറിയ ഏതെങ്കിലും Function (പ്രവർത്തനം) നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ഏറ്റെടുക്കുന്ന സർവ്വീസുകൾ (സേവനങ്ങൾ) ക്ക് ജി.എസ്.ടി നിയമപ്രകാരം നികുതി ചുമത്തുന്നില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 243 G പ്രകാരം Water Management ഉം, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം മൂന്നാം പട്ടിക പ്രകാരം പേമാരി മൂലമുണ്ടാകുന്ന വെള്ളം ഒഴുക്കികളയുക എന്നതും ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ പെട്ടതാണ്. അതുകൊണ്ടുതന്നെ അത്തരം Function (പ്രവർത്തനം) നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ഏറ്റെടുക്കുന്ന സർവ്വീസുകൾ (സേവനങ്ങൾ) ക്ക് ജി.എസ്.ടി നിയമപ്രകാരവും, 28.06.17 ലെ നോട്ടിഫിക്കേഷൻ നമ്പർ 12/17 പ്രകാരവും നികുതി ബാധകമല്ല. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാമായിരുന്ന തുക 93142 രൂപ കരാറുകാരന് ജി എസ് ടി ഇനത്തിൽ കൂടുതലായി നല്കി. ആയതിന് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/17.9.21 ന് മറുപടി ലഭ്യമാക്കിയതിൽ 12% GST ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചതായി പറയുന്നു. ഈ പ്രവൃത്തിക്ക് കരാറുകാരൻ GST അടച്ച ഫയൽ ചെയ്തതിന്റെ രേഖ ഒപ്പം സമർപ്പിച്ചിട്ടുണ്ട്.

2. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റിൽ പഞ്ചായത്ത് ജി.എസ്.ടി നൽകിയിട്ടുണ്ട്.

പ്രൊജക്ട് നം. 138/ 21

ജലപ്രയാണം - കരുവന്നൂർ പുഴയിലെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ

ധനകാര്യ കമ്മീഷൻ ഗ്രാന്റ് : 1350000

ചെലവ് : 629900

വൗച്ചർ നം./ചെക്ക് നം/തീയതി : 2200073 / 2.12.20

ജില്ലാ പഞ്ചായത്ത് : 2000000

ചെലവ് : 500000

വൗച്ചർ നം./ചെക്ക് നം/തീയതി : ലഭ്യമാക്കിയില്ല.

27.8.2020 ലെ 8/4 നമ്പർ തീരുമാനപ്രകാരം പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി ദ്രോണ എഞ്ചിനീയറിംഗ് കൺസൾട്ടന്റ് പ്രൈ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പ്രവൃത്തിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ക്വട്ടേഷൻ നൽകി. ഇൻവോയ്സ് [No. DEPCL / CCW / 20 /267 /30.0.20] ന്റെ സാധുത പരിശോധിച്ച് ഭരണ സമിതി 129900 രൂപ അനവദിക്കാൻ തീരുമാനിച്ചു. [4. 11.20 ലെ 1 3 നം. തീരുമാനം]

പ്രസ്തുത ഇൻ വോയ്സ് അടിസ്ഥാനത്തിൽ കമ്പനിക്ക് 12% GST 154800 രൂപ കൂടുതലായി നൽകിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറിക്ക് [നം. 47 / 18.9.21] ലഭ്യമാക്കിയ മറുപടി യിൽ GST ഇനത്തിൽ നൽകിയ തുക തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ രണ്ടു വിഷയങ്ങളിലും സ്വീകരിച്ച തുടർനടപടിയുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-48 ഡെപ്പോസിറ്റ് പ്രവൃത്തികൾ-ധനവിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവുതുക 1414243/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

വാട്ടർ അതോറിറ്റിയിൽ/ഭൂജലവകുപ്പിൽ /കെ.എസ്.ഇ.ബി.യിൽ തുക ഡെപ്പോസിറ്റ് ചെയ്ത പ്രൊജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം./ പേര് | അടങ്കൽ /ചെലവു തുക | വൗച്ചർ നം/തിയതി/തുക | തുക കൈമാറിയ സ്ഥാപനം/ റിമാർക്സ് |
|---|---|---|---|---|
| 1. | 220/21 ഭുവനേശ്വരി റോഡ് കുടിവെള്ള പദ്ധതി | CFC ഗ്രാന്റ് 90000/90000 22001192/16.02.21 ജില്ലാ പഞ്ചായത്ത് 700000/700000 ബ്ലോക്ക് പഞ്ചായത്ത് 110000/110000 22001191/9.3.21 | 22001192/16.02.21/90000 22001193/16.02.21 / 700000 22001191/9.3.21 /110000 | വാട്ടർ അതോറിറ്റി 9.9.2020 ലെ 4/8 നം. ഭരണസമിതി തീരുമാനം. എസ്റ്റിമേറ്റ് നം. 2020/4880/30-12-2020 |
| 2. | 221/20 മാർക്കറ്റിൽ പഞ്ചായത്ത് കുഴൽ കിണർ നിർമ്മാണം | CFC ഗ്രാന്റ് 300000/108000 | 22001162/2.03.21/55000 22001163/5.03.21/53000 | ജില്ലാ ഓഫീസർ ഭൂജല വകുപ്പ് കൈപ്പറ്റ് / UTR സ്റ്റേറ്റ്മെന്റ് എഗ്രിമെന്റ്/ധനവിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ജലലഭ്യത കണ്ടെത്തി കുഴൽ കിണർ പ്രവർത്തനക്ഷമമായതിന്റെ റിപ്പോർട്ട് എന്നിവ ലഭ്യമായില്ല. |
| 3. | 223/21 ഗോപാലൻ മാസ്റ്റർ റോഡ് - കുടിവെള്ള പൈപ്പ് ലയിൻ നീട്ടൽ വാർഡ്-12 | CFC ഗ്രാന്റ് 10000/10000 ജില്ലാ പഞ്ചായത്ത് 200000/200000 22001194/11.1.21 | 22001190/30.12.20 / 10000 22001194/11.1.21 / 200000 | വാട്ടർ അതോറിറ്റി 9.9.2020 ലെ 4/8 നം. ഭരണസമിതി തീരുമാനം. എസ്റ്റിമേറ്റ് നം.2020/26630 /18-12-2020 |
| 4. | 83/21 വിവിധ എസ് സി കോളനികളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | എസ് സി പി 200000/196243 | 22001131/17.02.21 / 196243 | Agmt.No.15/20-21/22.3.21 അസി.എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ കരുവന്നൂർ |
| | | ആകെ തുക | 1414243/- | |

29.1.2018 ലെ പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ ഉ (കൈ) നം. 11/ 2018 തസ്വഭവ ഖ 11.2. ഡി (ii) പ്രകാരം വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകണം. തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. കരാറിലേർപ്പെടാതെയാണ് മേൽപ്പറഞ്ഞ മൂന്നു ഡെപ്പോസിറ്റ് പ്രവൃത്തികൾക്കും തുക കൈമാറിയത്. ആയതിന് വാട്ടർ അതോറിറ്റിയിൽ നിന്ന് കൈപ്പറ്റ് ലഭ്യമായിട്ടില്ല. എഗ്രിമെന്റ് ചമച്ച് പ്രവൃത്തി എത്രയും വേഗം ആരംഭിക്കണമെന്ന് 22.3.2021 ലെ എ4- 35/21, 9054/21 നം. കത്തുകൾ മുഖേന സെക്രട്ടറി ആവശ്യപ്പെട്ടു കാണുന്നു. 4.5.2021 ലെ ഇതേ നമ്പർ കത്തിൽ തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുമുണ്ട്.

ഓഡിറ്റ് എൻക്വയറി (നം. 8/13.9.21) നൽകിയതിനെ തുടർന്ന് ക്രമ നം 1,3 പ്രവൃത്തികളുടെ കരാർ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി. 17.8.2021 ആണ് കരാർ തീയതി. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ധനവിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടില്ലെന്ന് മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം. 43/18.9.2021 നുള്ള മറുപടിയിൽ, ക്രമ. നം. 2 പ്രവൃത്തി സംബന്ധിച്ച് മാർക്കറ്റിലെ കുഴൽ കിണർ പ്രവർത്തനക്ഷമമാണെന്ന് അറിയിച്ചു. എന്നാൽ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ക്രമ നം. 4 പ്രവൃത്തി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [നം.16 /14-9-2021] മറുപടി ലഭ്യമാക്കിയില്ല.

മാർഗ്ഗരേഖാ നിർദ്ദേശം ഡി (iv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

പദ്ധതി പൂർത്തീകരിച്ച് തുകയുടെ കൈപ്പറ്റ്/ധനവിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ പത്രം ലഭ്യമാക്കി പദ്ധതി പ്രവർത്തനക്ഷമമായതിന്റെ റിപ്പോർട്ട് സഹിതം ഓഡിറ്റിന് ലഭ്യമാക്കുന്നതു വരെ ആകെ ചെലവുതുക 1414243/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 180000 | ഭിന്നശേഷിയുള്ളവർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് /ബത്ത നൽകൽ | 180000 | 0 |
| | 2020-21 | 35000 | പാൽസബ്സിഡി | 35000 | 0 |
| | 2020-21 | 400000 | ലൈഫ് ഹൗസിങ്ങ് പ്രോജക്റ്റ് ജനറൽ | 400000 | 0 |
| | 2020-21 | 62500 | അങ്കണവാടി അനുപൂരക പോഷകാഹാരം | 62500 | 0 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 416480 | നെൽകൃഷി കൂലി ചെലവ് | 416480 | 0 |
| | 20-21 | 110000 | ഭുവനേശ്വരി റോഡ് കുടിവെള്ള പദ്ധതി | 110000 | 0 |
| | | 1203980 | | | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 945800 | കിസാൻ കോർണർ റോഡ് റിനോവേഷൻ | 945800 | 0 |
| | 2020-21 | 500000 | ജലപ്രയാണം-Removal Of Flood Remains From Karuvannur Puzha | 500000 | 0 |
| | 2020-21 | 200000 | ഗോപാലൻ മാസ്റ്റർ റോഡ് എക്സ്റ്റൻഷൻ കുടിവെള്ള പൈപ്പ്ലൈൻ | 200000 | 0 |
| | 2020-21 | 130700 | വെർട്ടിക്കൽ പമ്പ്സെറ്റ് തുക കൈമാറൽ (ഗ്രാമശ്രീ കോൾപടവ്) | 130700 | 0 |
| | 2020-21 | 700000 | ഭുവനേശ്വരി റോഡ് കുടിവെള്ള പദ്ധതി | 700000 | 0 |
| | 2020-21 | 358583 | അങ്കനവാടി പോഷകാഹാരം | 358583 | 0 |
| | 2020-21 | 232900 | നെൽകൃഷി കൂലിചെലവ് | 232900 | 0 |
| | | 3067983 | | | |

ACR കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിലെ B4- പട്ടികയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ACR കൃത്യമായി എഴുതി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കേരള വാട്ടർ അതോരിറ്റി | ഭുവനേശ്വരി റോഡ് കുടിവെള്ളപദ്ധതി, പ്രോജക്റ്റ് നം. 220/21 | 22001192/16.02.21-90000<br>22001193/16.02.21-700000<br>22001191/9.3.21-110000 | 900000 | 900000 |
| കേരള വാട്ടർ അതോരിറ്റി | ഗോപാലൻ മാസ്റ്റർ റോഡ് എക്സ്റ്റൻഷൻ ഓഫ് ഡ്രിങ്കിങ്ങ് വാട്ടർ പൈപ്പ് ലൈൻ പ്രോജക്റ്റ് നം | 22001190/30.12.20-10000<br>22001194/11.1.21-200000 | 210000 | 210000 |

സാമ്പത്തിക വർഷത്തെ കണക്കുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഇക്കാരണത്താൽ വാർഷിക കണക്കുകളിലെ B 18 പട്ടികയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ) | 392400ജി.ഒ (എം.എസ്) നം.68/2018 /എൽഎസ്ജിഡി തീ.18/05/18 | 2920000 | 2523906 | 394941 | 2128965 |
| ജവഹർ പഞ്ചായത്ത് ഭവന പദ്ധതി | 256/ഡി.ബി.1/ 15/ത.സ്വ.ഭ.വ., 23.9.2015 | ലോൺ രജിസ്റ്റർ പ്രകാരം 20000000 | 3152000 | 1200000 | 1952000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 96601 |
| തൻവർഷം നിക്ഷേപിച്ച തുക | 1196 |
| ആകെ | 10856 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10856 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | നിക്ഷേപത്തിന്റെ പേര് | നിക്ഷേപിച്ച തിയ്യതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | ചേർപ്പ് സർവ്വീസ് സഹകരണ ബാങ്ക് | 5000 രൂപ | 28-10-2019 | 5000 |
| 2 | KSFE ചേർപ്പ് | 5856 രൂപ | | 5856 |
| | ആകെ | 10856 രൂപ | | 10856 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 97772232 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 110613357 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6127591/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

<table>
<tr><th>ഖണ്ഡിക നമ്പർ</th><th colspan="2">തുക</th><th>ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും</th></tr>
<tr><td>1-32</td><td colspan="2">400000/-</td><td>സിമി. എ. എം,<br>വി.ഇ.ഒ എട്ടുമന</td></tr>
<tr><td>1-36</td><td colspan="2">20296/-</td><td>മാലിനി. സി.ഡി,<br>കൃഷി ഓഫീസർ</td></tr>
<tr><td>1-37</td><td colspan="2">649380/-</td><td>മാലിനി. സി.ഡി,<br>കൃഷി ഓഫീസർ</td></tr>
<tr><td>1-38</td><td colspan="2">147500/-</td><td>മാലിനി. സി.ഡി,<br>കൃഷി ഓഫീസർ</td></tr>
<tr><td>1-41</td><td colspan="2">214980/-</td><td>ഷീല. ടി. ജി<br>ഹെഡ്മിസ്ട്രസ്, ജി. ജെ .ബി. എസ്, ചേർപ്പ്</td></tr>
<tr><td>1-42</td><td colspan="2">1362216/-</td><td>ദിനേഷ് എം. കെ,<br>സെക്രട്ടറി</td></tr>
<tr><td>1-43</td><td colspan="2">945850/-</td><td>ദിനേഷ് എം. കെ,<br>സെക്രട്ടറി</td></tr>
<tr><td rowspan="2">1-44</td><td rowspan="2">55801/-</td><td>21412</td><td>റോസ് മോൾ. എം. എസ്,<br>ഐ. സി. ഡി. എസ്.<br>സൂപ്പർവൈസർ</td></tr>
<tr><td>34389</td><td>ശ്രീലത. കെ. ബി.<br>ഐ. സി. ഡി. എസ്.<br>സൂപ്പർവൈസർ</td></tr>
<tr><td>1-45</td><td colspan="2">853488/-</td><td>ദിനേഷ് എം.കെ,<br>സെക്രട്ടറി/<br>ഭാവന. പി. യു,<br>അസി. എഞ്ചിനീയർ</td></tr>
<tr><td>1-46</td><td colspan="2">63837/-</td><td>ഭാവന. പി. യു,<br>അസി. എഞ്ചിനീയർ</td></tr>
<tr><td>1-48</td><td colspan="2">1414243/-</td><td>ദിനേഷ് എം.കെ,<br>സെക്രട്ടറി</td></tr>
<tr><td></td><td colspan="2">6127591/-</td><td></td></tr>
</table>

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദിനേഷ് എം.കെ, സെക്രട്ടറി | സെക്രട്ടറി തൃക്കൂർ ഗ്രാമപഞ്ചായത്ത് | മണ്ണംപേട്ട കരുവാൻ ഹൗസ് പി.ഒ വരാക്കര മണ്ണംപേട്ട |

| | | |
|---|---|---|
| മാലിനി.സി.ഡി, കൃഷി ഓഫീസർ | ചേർപ്പ് ഗ്രാമപഞ്ചായത്ത് | അവണൂർ ഹൗസ് പി.ഒ.അവണൂർ തൃശ്ശൂർ-670541 |
| സിമി.എ.എം, വി.ഇ.ഒ എട്ടുമന | എക്സ്റ്റൻഷൻ ഓഫീസർ പന്തളം ബ്ലോക്ക് പഞ്ചായത്ത് | ചാരമ്പത്ത് വീട് പഴുവിൽ പി.ഒ പിൻ 680564 |
| ഷീല. ടി.ജി ഹെഡ്മിസ്ട്രസ്, ജി.ജെ.ബി.എസ്, ചേർപ്പ് | തലാപ്പിള്ളി വീട് കിഴക്കം മുറി പി.ഒ പെരിങ്ങോട്ടുകര 680571 | വിരമിച്ചു. |
| റോസ് മോൾ. എം. എസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | മുല്ലക്കര വീട് വരന്തരപ്പിള്ളി പി.ഒ 680303 | ഐ.സി.ഡി.എസ്. പുഴയ്ക്കൽ ബ്ലോക്ക് |
| ശ്രീലത.കെ.ബി. ഐ.സി.ഡി.എസ്. സൂപ്പർവൈസർ | പെരിഞ്ചേരി വീട് പെരിഞ്ചേരി പി.ഒ | ഐ.സി.ഡി.എസ് ചേർപ്പ് ബ്ലോക്ക് |
| ഭാവന.പി.യു, അസി.എഞ്ചിനീയർ | പള്ളിപ്പുറത്ത് വളപ്പിൽ വീട് നെട്ടുപുഴ പി.ഒ 680015 | അസി.എഞ്ചിനീയർ കുന്നംകുളം മുനിസിപ്പാലിറ്റി |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2014-15 | 2016-17 | 2-2 | സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തത് | തുടർ നടപടി പരിഹാര പത്രിക സമർപ്പിച്ചു |
| 2015-16 | 2016-17 | 2-6, 2-7 | തൊഴിൽ നികുതി അപാകതകൾ സംബന്ധിച്ച് | തുടർ നടപടി പരിഹാര പത്രിക സമർപ്പിച്ചു |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും ഏറ്റവും ഒടുവിലായി പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 84-85,85-86,86-87, 87-88,88-89,89-90, 90-91,91-92,92-93, 93-94,94-95,95-96 | എൽ.എഫ്.ടി(എസ്2)-795/11/ 25.07.11/ 01.10.11 | |
| 1996-97 | എൽ.എഫ്.ടി 15-1727/97 തിയതി 15.05.98 | |

| | | |
|---|---|---|
| 1997-98 | എൽ.എഫ്.ടി 15-843/2000 തിയതി 04.07.00 | |
| 1998-99 | എൽ.എഫ്.ടി 15-850/2000 തിയതി 09.11.00 | |
| 1999-00 (ചെലവ്) | എൽ.എഫ്.ടി 15-715/03 തിയതി 05.12.03 | |
| 1999-00 (വരവ്) | എൽ.എഫ്.ടി 15-411/06/ തിയതി 20.01.06 | |
| 2000-01 | എൽ.എഫ്.ടി 15-729/05/ 22.12.05 | |
| 2001-02 | എൽ.എഫ്.ടി 15-728/05/ 20.01.06 | |
| 2002-03 | എൽ.എഫ്.ടി 15-267/06/ 06.08.06 | |
| 2003-04 | എൽ.എഫ്.ടി 15-2791/07/ 16.04.07 | |
| 2004-05 | എൽ.എഫ്.ടി 15-1701/06/ 02.06.10 | |
| 2005-06 | എൽ.എഫ്.ടി 15-1702/06/ 02.06.10 | |
| 2006-07 | എൽ.എഫ്.ടി 15-536/10/ 29.01.11 | |
| 2007-08 | എൽ.എഫ്.ടി 15-539/10/ 29.01.11 | |
| 2008-09 | എൽ.എഫ്.ടി 15-556/11/ 11.10.11 | |
| 2009-10 | എൽ.എഫ്.ടി. പി 9-857/11/ 11.10.11/04.11.11 | |
| 2010-11 | എൽ.എഫ്.ടി.പി. 2-2297/12തിയതി 14.02.13/15.06.13 | |
| 2011-12 | എൽ.എഫ്.ടി.പി. 2-352/13 തിയതി 07.08.13/ 06.12.13 | |
| 2012-13 | എൽ.എഫ്.ടി.പി. 2-321/14 തിയതി 06.06.14/02.08.14 | |
| 2013-14 | എൽ.എഫ്.ടി.പി. 2-1926/14 തിയതി 16.04.15/22.06.15 | |
| 2014-15 | കെ.എസ്.എ ടി.എസ്.ആർ (പി.2)605/16 തിയതി3.6.2016 | |
| 2015-16 | കെ.എസ്.എ ടി.എസ്.ആർ (പി.2)2079 /16 തിയതി16.12. 2016 | |
| 2016-17 | കെ.എസ്.എ ടി.എസ്.ആർ (പി.2) 1358/17 തിയതി.7.9.17/6.10.17 | |
| 2017-18 | കെ.എസ്.എ ടി.എസ്.ആർ (പി.2) 62/19 തിയതി.04.04.19 | |
| 2018-19 | കെ.എസ്.എ ടി.എസ്.ആർ (പി.2) 62/19 തിയതി.04.04.19 | |
| 2019-20 | കെ.എസ്.എ ടി.എസ്.ആർ (പി.2) 1355/21 തിയതി.03-07-22. | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്